
അധ്യായം

5

# സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങൾ

T7C9B3



**പ്രധാന ആശയങ്ങൾ**

5.1 സമൂഹം

5.2 കമ്മ്യൂണിറ്റി

5.3 സമാജം

5.4 സാമൂഹ്യ സംഘങ്ങൾ

5.5 സാമൂഹ്യസ്ഥാപനങ്ങൾ

5.6 സാമൂഹ്യപ്രക്രിയകൾ

5.7 സാമൂഹ്യവൽക്കരണം

5.8 സാമൂഹ്യമാറ്റം

5.9 സാമൂഹികനിയന്ത്രണം

സാമൂഹ്യപ്രവർത്തനവും സാമൂഹികശാസ്ത്രവുമായുള്ള ബന്ധം നമ്മൾ രണ്ടാം അധ്യായത്തിൽ കണ്ടുവല്ലോ? ഇതിൽ നിന്ന് നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ചുരുക്കി പ്രതിപാദിക്കാമോ?

- ..........................................................................

സമൂഹം, അതിന്റെ ഉത്ഭവം, വികാസം, സംഘടനകൾ, സ്ഥാപനങ്ങൾ ഇവയെക്കുറിച്ചുള്ള ശാസ്ത്രീയവും ആധികാരികവുമായ പഠനമാണ് സാമൂഹികശാസ്ത്രം. ഒരു ശാസ്ത്രമെന്നരീതി

യിൽ വിവിധങ്ങളായ ശാസ്ത്രീയ അന്വേഷണമാർഗങ്ങൾ ഇതിന് ഉപയോഗിക്കുന്നു. സാമൂഹികശാസ്ത്രത്തിൽ സമുദായം (കമ്മ്യൂണിറ്റി), സമാജം, സ്ഥാപനം, സാമൂഹ്യവ്യവസ്ഥ, നാട്ടുനടപ്പുകൾ, ആചാരങ്ങൾ, മൂല്യങ്ങൾ, സമ്പ്രദായങ്ങൾ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. ഈ അധ്യായത്തിൽ സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങളെ കുറിച്ചാണ് വിശദമാക്കുന്നത്. പദങ്ങളും സങ്കൽപ്പങ്ങളും പഠിക്കുന്നതിലൂടെ ആ വിഷയത്തെ കുറിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിന് സഹായിക്കുന്നു.

## 5.1 സമൂഹം (Society)

- 'ഒരു മനുഷ്യനും ഒറ്റപ്പെട്ട ഒരു ദ്വീപല്ല' എന്ന അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണമെന്താണ്?
- ..............................................................

മറ്റുള്ളവരുടെ സഹായമില്ലാതെ മനുഷ്യർക്ക് ജീവിക്കുവാൻ സാധ്യമല്ല. ഇതിനർത്ഥം നാം ഒരു സമൂഹത്തിന്റെ ഭാഗമാണ് എന്നാണ്. നമുക്ക് ചർച്ചചെയ്യാം.



കൂട്ടായ്മ എന്നർത്ഥം വരുന്ന സൊസൈറ്റസ് *(Socitus)* എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് സമൂഹം എന്ന പദം രൂപപ്പെട്ടിട്ടുള്ളത്. കൂട്ടായ്മ (Companionship) എന്നതിനർഥം സംസർഗ്ഗശീലത്വം എന്നാണ്.

അരിസ്റ്റോട്ടലിന്റെ അഭിപ്രായത്തിൽ "മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്". സഹജീവികളുമായി എപ്പോഴും ബന്ധപ്പെട്ട് ജീവിക്കാൻ മനുഷ്യൻ ഇഷ്ടപ്പെടുന്നു. മാക് ഐവറിന്റെ അഭിപ്രായത്തിൽ 'സമൂഹബന്ധങ്ങളുടെ ഒരു വലയാണ് സമൂഹം.' ജീവിക്കുന്നതിനും അധ്വാനിക്കുന്നതിനു ജീവിതം ആസ്വദിക്കുന്നതിനും മനുഷ്യന് തന്റെ സമൂഹം ആവശ്യമാണ്.

"പ്രയോഗങ്ങളുടെയും നടപടിക്രമങ്ങളുടെയും അധികാരത്തിന്റെയും പരസ്പരസഹായത്തിന്റെയും പലതരം ഗ്രൂപ്പുകളുടെയും വിഭാഗങ്ങളുടെയും മനുഷ്യന്റെ പെരുമാറ്റനിയന്ത്രണത്തിന്റേയും സ്വാതന്ത്ര്യങ്ങളുടെയും ഒരു വ്യവസ്ഥയാണ് സമൂഹം" (മാക് ഐവർ & പേജ്-1968).

സാമൂഹികശാസ്ത്രത്തിന്റെ പിതാവായ അഗസ്ത കോംത (1839)സമൂഹത്തെ ഘടനയും ധർമ്മവും ഒത്തുചേർന്നിട്ടുള്ള ഒരു സാമൂഹ്യജീവിയായി കാണുന്നു.

## സമൂഹത്തിന്റെ സവിശേഷതകൾ (Characteristics of Society)

മുകളിൽ കൊടുത്തിരിക്കുന്ന നിർവ്വചനങ്ങളിൽ നിന്ന് സമൂഹത്തിന്റെ ചില സവിശേഷതകളുടെ ചുരുക്കരൂപം താഴെകൊടുത്തിരിക്കുന്നു.

- സമൂഹം ജനങ്ങൾ ഉൾപ്പെട്ടതാണ്.
- വ്യവഹാരം
- സാമ്യതകളെ ആശ്രയിച്ചിരിക്കുന്നു.
- വൈവിധ്യങ്ങൾ നിലനിൽക്കുന്നു.
- പരസ്പരാശ്രയത്വം
- സഹകരണവും അധ്വാന വിഭജനവും
- ചലനാത്മകം (Dynamic)

## 5.2. കമ്മ്യൂണിറ്റി (Community)



പ്രത്യേക സംസ്ഥാനങ്ങളിൽ നിന്നുള്ളവർ മലയാളികൾ, പഞ്ചാബികൾ, മറാത്തികൾ എന്നിങ്ങനെ അറിയപ്പെടുന്നു. എന്തുകൊണ്ട് ?

- ..........................................

ഒരു നിശ്ചിത ദേശത്ത് 'ഞങ്ങൾ' എന്ന വികാരം പങ്കുവച്ചുകൊണ്ട് ജീവിക്കുന്ന ഒരു മനുഷ്യസമൂഹത്തെയാണ് കമ്മ്യൂണിറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഭൂമിശാസ്ത്രപരമായ ഒരു പ്രദേശത്ത് പൊതുവായ സംസ്കാരം സാമൂഹിക വൈകാരികത, സാമൂഹ്യഘടന ഇവയെല്ലാം ചേർന്ന മനുഷ്യകൂട്ടായ്മയാണ് കമ്മ്യൂണിറ്റി.

''ഞങ്ങൾ എന്ന വികാരത്തോടെ ഒരു നിശ്ചിത ദേശത്ത് ജീവിക്കുന്ന ഒരു സാമൂഹ്യ ഗ്രൂപ്പാണ് കമ്മ്യൂണിറ്റി.'' (ബൊഗാർഡെസ് : 1957)

"കുറെയൊക്കെ സാമൂഹ്യമായ ഒരുമയോടെ ശ്രദ്ധേയമായ സാമൂഹ്യജീവിതത്തിന്റെ ഒരു പ്രദേശമാണ് കമ്മ്യൂണിറ്റി." (മാക് ഐവർ: 1968)

### കമ്മ്യൂണിറ്റിയുടെ ഘടകങ്ങൾ (Elements of Community)

- നിശ്ചിതപ്രദേശം/ഭൂപ്രദേശം
- അടുപ്പമുള്ളതും അനൗപചാരികവുമായ ബന്ധങ്ങൾ
- പരസ്പര വ്യവഹാരവും പരസ്പരാശ്രയത്വവും
- പൊതുവായ മൂല്യങ്ങളും വിശ്വാസങ്ങളും
- നമ്മളൊന്ന് എന്ന വികാരം/സാമൂഹ്യവൈകാരികത

- സാംസ്കാരിക സമാനത
- നിയമസാധുത ഇല്ല.

**വിവിധതരം കമ്മ്യൂണിറ്റികൾ**

കമ്മ്യൂണിറ്റിയെ പ്രധാനമായും ഗ്രാമീണ കമ്മ്യൂണിറ്റി (**Rural community**), നഗര കമ്മ്യൂണിറ്റി (**Urban community**), ഗോത്ര കമ്മ്യൂണിറ്റി (**Tribal community**), മത്സ്യബന്ധനകമ്മ്യൂണിറ്റി (**Maritime community**) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഗ്രാമീണ കമ്മ്യൂണിറ്റിയിൽ ജനങ്ങൾ പ്രധാനമായും കൃഷിയും മറ്റ് കാർഷിക ഉപജീവനമാർഗ്ഗങ്ങളും അനുഷ്ഠിക്കുന്നവരാണ്. നഗര കമ്മ്യൂണിറ്റിയിൽ ജനങ്ങൾ വ്യവസായങ്ങളും അനുബന്ധ തൊഴിലുകളും നടത്തുന്നവരുമാണ്. ഇവരെ നഗരകമ്മ്യൂണിറ്റി എന്നുപറയുന്നു. പ്രത്യേക സാസ്കാരിക സവിശേഷതകളോടു കൂടി വനാന്തർഭാഗങ്ങളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങളാണ് ഗോത്രസമൂഹങ്ങൾ. തീരപ്രദേശങ്ങളിൽ താമസിക്കുകയും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഏർപ്പെടുന്നവരുമാണ് മത്സ്യബന്ധന കമ്മ്യൂണിറ്റി.

**സമൂഹവും കമ്മ്യൂണിറ്റിയും തമ്മിലുള്ള വ്യത്യാസങ്ങൾ**

സമൂഹവും സമുദായവും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ? വ്യത്യസ്തകൾ കണ്ട് പിടിക്കാൻ ശ്രമിക്കൂ.

- ...................................................................

പട്ടിക 5.1ൽ സമൂഹവും സമുദായവും തമ്മിലുള്ള വ്യത്യാസങ്ങൾ സംഗ്രഹിച്ചിരിക്കുന്നു.

| സമൂഹം (Society) | സമുദായം (Community) |
|---|---|
| • സമൂഹം അമൂർത്തമാണ് **(Abstract)** | • സമുദായം മൂർത്തമാണ് **(Concrete)** |
| • സമൂഹത്തിന് ഭൂമിശാസ്ത്രപരമായ ഒരു നിശ്ചിത മേഖല ഇല്ല. | • സമുദായത്തിന് ഭൂമിശാസ്ത്രമായ നിശ്ചിതമേഖല ഉണ്ട് |
| • നമ്മളൊന്ന് **(We feeling)** എന്ന വികാരം ഇല്ല. | • നമ്മളൊന്ന് എന്ന വികാരം സമുദായത്തിൽ ഉണ്ട്. |
| • സമൂഹം വിശാലവും വിസ്തൃതവുമാണ് | • സമുദായം സമൂഹത്തേക്കാൾ ചെറുതാണ് |
| • സാമ്യതകളും വ്യത്യസ്തതകളുമുണ്ട് | • സമുദായത്തിൽ വ്യത്യസ്തതയെക്കാൾ സാമ്യതയ്ക്ക് പ്രാധാന്യം. |
| • സമൂഹത്തിന് പ്രത്യേക പേരില്ല. | • സമുദായത്തിന് പ്രത്യേക പേരുണ്ട്. |

*പട്ടിക 5.1*

***സമുദായവും സമൂഹവും തമ്മിലുള്ള വ്യത്യാസങ്ങൾ***

## 5.3. സമാജം (Association)



നിങ്ങളുടെ പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള കലാകായിക ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ? അവയിൽ ചിലതിന്റെ പേരെഴുതുക.

- ..........................................................

ചില പ്രത്യേക ലക്ഷ്യങ്ങൾക്കോ പൊതു താൽപ്പര്യങ്ങൾക്കോ വേണ്ടി സംഘടിക്കുന്ന ജനങ്ങളുടെ കൂട്ടായ്മയാണ് സമാജം. പരസ്പരാശ്രയത്വത്തോടും സഹകരണത്തോടും കൂടി തങ്ങളുടെ ചില ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവർ സമാജങ്ങളിലൂടെ പരിശ്രമിക്കുന്നു.

ഈ കൂട്ടായ പരിശ്രമങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിയും തന്റെ സഹജീവികളെ സഹായിക്കുന്നു. ഈ പരസ്പരസഹകരണത്തിലൂടെ സമാജം രൂപംകൊള്ളുന്നു.

ബൊഗാർഡെസ്(1957) ന്റെ അഭിപ്രായത്തിൽ "വ്യക്തികൾ പങ്കുവെക്കുന്ന ചില പ്രത്യേകതാൽപര്യങ്ങളോ ഒരു കൂട്ടം താൽപര്യങ്ങളോ നേടുന്നതിന് വേണ്ടി ബോധപൂർവ്വമായ കൂട്ടായ പരിശ്രമത്തിനായുള്ള സംഘടനാരൂപമാണ് സമാജം". "പൊതുവായ താൽപര്യമോ താൽപര്യങ്ങളോ കൈവരിക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ള സംഘമാണ് സമാജം." (മോറിസ് ഗിൻസ്ബർഗ് 1978)

**സമാജത്തിന്റെ സവിശേഷതകൾ**

മുകളിൽ കൊടുത്തിരിക്കുന്ന നിർവചനത്തിൽ നിന്നും നിങ്ങൾക്ക് സമാജത്തിന്റെ സവിശേഷതകൾ തിരിച്ചറിയാനാകുമോ?

- ..........................................................

ഒരു സമാജത്തിന്റെ പ്രധാന സവിശേഷതകൾ താഴെ ചേർക്കുന്നു.

- പൊതുതാൽപ്പര്യമുള്ള മനുഷ്യരുടെ കൂട്ടായ്മ
- സഹകരണ മനോഭാവം
- സംഘടനാസംവിധാനം
- സമാജത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

ഒരു സമാജം താൽക്കാലികമോ സ്ഥിരമോ ആവാം. സ്ഥിരം സമാജങ്ങൾക്ക് ഉദാഹരണങ്ങളാണ് രാജ്യം, കുടുംബം, മതപരമായ സമാജങ്ങൾ. ചില സമാജങ്ങൾ തീർത്തും താല്ക്കാലികമാകാം. ഉദാഹരണമായി ഐ.എ.എസ് പരീക്ഷയിൽ റാങ്ക് നേടിയ വ്യക്തികളെ അനുമോദിക്കുന്നതിനായി രൂപീകരിച്ച സമാജം താത്ക്കാലിക സ്വഭാവമുള്ളതാണ്. അത്തരം ഒരു സമാജത്തിന് അനുമോദനചടങ്ങിന് ശേഷം പ്രത്യേകിച്ച് പ്രാധാന്യമൊന്നുമില്ല. നാഷണൽ അസോസിയേഷൻ ഓഫ് പ്രഫഷണൽ സോഷ്യൽവർക്കേഴ്സ് ഇൻ ഇന്ത്യ (NAPSWI), കേരള അസോസിയേഷൻ ഓഫ് പ്രഫഷണൽ സോഷ്യൽ വർക്കേഴ്സ് (KAPS), അധ്യാപക രക്ഷാകതൃസമിതി എന്നിവ സമാജങ്ങൾക്ക് ഉദാഹരണങ്ങളാണ്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സമൂഹം എന്നതുകൊണ്ട് നിങ്ങളർത്ഥമാക്കുന്നതെന്താണ്?
2. സമാജത്തിന്റെ മൂന്ന് സവിശേഷതകൾ എഴുതുക?
3. സമുദായത്തിന്റെ ഘടകങ്ങൾ പട്ടികപ്പെടുത്തുക?

**നമുക്ക് പ്രവർത്തിക്കാം**

*നിങ്ങൾ ഉൾപ്പെടുന്ന സമുദായത്തിന്റെ ചെറുവിവരണം തയാറാക്കുക.*

## 5.4 സാമൂഹ്യ സംഘങ്ങൾ (Social Groups)

നിങ്ങളുടെ സുഹൃത്തുക്കൾ എല്ലാം മറ്റൊരു സ്കൂളിലേയ്ക്ക് കൂട്ടത്തോടെ സ്ഥലം മാറി എന്ന് കരുതുക. നിങ്ങൾക്ക് ഈ സാഹചര്യത്തിൽ എന്ത് വികാരങ്ങളാണ് അനുഭവപ്പെടുക. ഈ സാഹചര്യത്തെ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും?

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. മറ്റു മനുഷ്യരുമായി ബന്ധങ്ങളില്ലാതെ ഒരു മനുഷ്യന് ജീവിക്കാൻ പ്രയാസമാണ്. പൊതുവായ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളുമുള്ള മനുഷ്യരുമായി ദൈനംദിന ജീവിതത്തിൽ നാം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള കൂട്ടങ്ങളെയാണ് നാം സാമൂഹ്യ സംഘങ്ങൾ എന്ന് വിളിക്കുന്നത്.

രണ്ടോ അതിലധികമോ വ്യക്തികൾ നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുകയോ ആശയവിനിമയം നടത്തുകയോ ചെയ്യുമ്പോൾ ഒരു സാമൂഹ്യ സംഘം ഉണ്ടാകുന്നു. പൊതുവായ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയാണ് വ്യക്തികൾ സംഘങ്ങളായി ഒത്തുചേരുന്നത്. ഗ്രൂപ്പിലെ അംഗങ്ങൾ പരസ്പരം ഉത്തേജിപ്പിക്കുകയും സമുചിതമായി പ്രതികരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സാമൂഹ്യബന്ധങ്ങൾക്കായി ഒത്തുചേരുന്ന മനുഷ്യരുടെ കൂട്ടത്തെ സാമൂഹ്യ സംഘം എന്നുവിളിക്കാം.

### സാമൂഹ്യ സംഘങ്ങളുടെ തരങ്ങൾ (Types of Social group)

സി.എച്ച് കൂലി സാമൂഹ്യ സംഘങ്ങളെ പ്രാഥമിക സംഘമെന്നും **(Primary Group)** ദ്വിതീയ സംഘമെന്നും **(Secondary group)** തരംതിരിച്ചിട്ടുണ്ട്.

**A. പ്രാഥമിക സംഘം**

അടുത്ത സൗഹൃദം, മുഖാമുഖബന്ധം, സഹകരണം എന്നീ സവിശേഷതകളടങ്ങിയ സംഘങ്ങളെയാണ് പ്രാഥമിക സംഘം എന്നുപറയുന്നത്. ഇവിടെ അംഗങ്ങൾ തമ്മിൽ ഔപചാരികവും വ്യക്തിപരവും ആയ അടുപ്പമുള്ളവരും പ്രത്യക്ഷ ബന്ധങ്ങൾ നിലനിൽക്കുന്നതുമാണ്.





കുടുംബം, സൗഹൃദവലയം, അയൽപക്കങ്ങൾ, ഒരു കുട്ടിയുടെ കളിക്കൂട്ടം തുടങ്ങിയവ പ്രാഥമിക സംഘത്തിന്റെ ഉദാഹരണങ്ങളാണ്. ഈ സംഘങ്ങൾ സാർവലൗകികമാണ്. പ്രാഥമിക സംഘങ്ങളിലെ ബന്ധങ്ങൾ അനൗപചാരികവും ദൃഢവുമാണ്. അവ അംഗങ്ങൾക്ക് വൈകാരികമായ അടുപ്പവും സുരക്ഷിതത്വബോധവും നൽകുന്നു.

#### പ്രാഥമിക സംഘങ്ങളുടെ സവിശേഷതകൾ

മുകളിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ നിന്ന് പ്രാഥമിക സംഘങ്ങളുടെ സവിശേഷതകളെ താഴെപറയുംവിധം സംഗ്രഹിക്കാം.

i. വലുപ്പം കുറവ്
ii. അംഗങ്ങൾക്കിടയിൽ ഭൗതികമായ അടുപ്പം
iii. മുഖാമുഖബന്ധം
iv. നേരിട്ടുള്ള സഹകരണം
v. അംഗങ്ങൾക്കിടയിൽ പൊതുവായ ലക്ഷ്യം
vi. ബന്ധത്തിലെ സ്ഥിരത
vii. സമാന പശ്ചാത്തലം
viii. വ്യക്തിതാൽപ്പര്യങ്ങൾ കുറവ്

### B. ദ്വിതീയ സംഘം (Secondary group)

ദ്വിതീയ സംഘങ്ങളിലെ അംഗങ്ങൾക്കിടയിലെ ബന്ധം വ്യക്തിപരമല്ലാത്തതും ഔപചാരികവും പരോക്ഷവുമാണ്. ഇത്തരം സംഘങ്ങൾക്ക് താരതമ്യേന വലുപ്പം കൂടുതലും സുനിശ്ചിത ലക്ഷ്യങ്ങളോട് കൂടിയതുമായിരിക്കും. ദ്വിതീയ സംഘത്തിൽ അംഗങ്ങൾക്കിടയിലെ വൈകാരികബന്ധം ദുർബലവും വ്യക്തികളെക്കുറിച്ചുള്ള അറിവ് വളരെ പരിമിതവുമായിരിക്കും. ദ്വിതീയബന്ധങ്ങൾ ഔപചാരികവും വ്യക്തിപരമല്ലാത്തതും ബാഹ്യഗുണങ്ങളേക്കാൾ ഉപയോഗ്യതപ്രാധാന്യം കൽപ്പിക്കുന്നതുമാണ്.

ഉദാ - റോട്ടറി ക്ലബ്ബ്, ട്രേഡ്‌യുണിയൻ, റെഡ്ക്രോസ് മുതലായവ.

#### ദ്വിതീയ സംഘങ്ങളുടെ സവിശേഷതകൾ

മുകളിൽ കൊടുത്തിരിക്കുന്ന വിവരണങ്ങളിൽ നിന്ന് ദ്വിതീയ സംഘങ്ങളുടെ സവിശേഷതകളെ താഴെപറയുംവിധം സംഗ്രഹിക്കാം.

i. വലുപ്പക്കൂടുതൽ
ii. ഭൗതികമായി അടുപ്പമില്ലായ്മ
iii. ലക്ഷ്യസാധൂകരണത്തിനുള്ള മാർഗമാണ് ബന്ധങ്ങൾ
iv. സ്വമേധയായുള്ള അംഗത്വം
v. വ്യക്തിപരമല്ലാത്ത ബന്ധങ്ങൾ
vi. ഔപചാരിക നിയമങ്ങൾ



### C. റഫറൻസ് ഗ്രൂപ്പ് (Reference Group)

മെർട്ടന്റെ അഭിപ്രായത്തിൽ മറ്റ് വ്യക്തികൾക്കോ സംഘൾക്കോ മാതൃകയായി വർത്തിക്കുന്നതാണ് റഫറൻസ് ഗ്രൂപ്പ്. ഈ ഗണങ്ങൾ വ്യക്തികളുടെ ബന്ധത്തെയും അവരുടെ അഭിപ്രായങ്ങളെയും താൽപ്പര്യത്തെയും സ്വഭാവത്തെയും സ്വാധീനിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നു.

അധ്യാപകസമിതി, സന്മാർഗിക പഠനഗണങ്ങൾ, ഫാൻസ് അസോസിയേഷൻ തുടങ്ങിയവ റഫറൻസ് ഗ്രൂപ്പിന് ഉദാഹരണങ്ങളാണ്.

### D. ഇ-സംഘങ്ങൾ (e -Group or Communities)



ആധുനിക കാലഘട്ടത്തിൽ ആവിർഭവിച്ച സംഘമാണ് ഇ-ഗ്രൂപ്പ്. ഇതിലെ അംഗങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പരസ്പരം ബന്ധപ്പെടുകയും ആശയങ്ങൾ കൈമാറുകയും ചെയ്യുന്നു.

ഫേയ്സ്ബുക്ക്, ഗൂഗിൾ, ടിറ്റർ, വാട്ട്സ് അപ്പ് തുടങ്ങിയവ ഇ-ഗണത്തിന് ഉദാഹരണങ്ങളാണ്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യ സംഘം എന്നതുകൊണ്ട് നിങ്ങൾ എന്ത് അർത്ഥമാക്കുന്നു? സാമൂഹ്യ സംഘത്തിന് ഉദാഹരണങ്ങൾ നൽകുക.
2. അധ്യാപകസമിതി ഒരു .................. സംഘത്തിന് ഉദാഹരണമാണ്.
3. ദ്വിതീയ സംഘങ്ങളുടെ സവിശേഷതകൾ ചൂണ്ടികാണിക്കുക.

**നമുക്ക് പ്രവർത്തിക്കാം**

1. *പ്രാഥമിക സംഘങ്ങളുടെ ശോഷണകാരണങ്ങളെ കുറിച്ച് ഒരു സംവാദം സംഘടിപ്പിക്കുക.*
2. *ഇന്റർനെറ്റിന്റെ സഹായത്തോടെ e - സംഘങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഒരു ലേഖനം തയാറാക്കുക.*

## 5.5 സാമൂഹ്യസ്ഥാപനങ്ങൾ (Social Institutions)

കുടുംബം, മതം തുടങ്ങിയ വ്യവസ്ഥാപിതമായ സാമൂഹ്യസ്ഥാപനങ്ങൾ സമൂഹത്തേയും വ്യക്തികളേയും നിയന്ത്രിക്കുവാനുള്ള ഉപാധികളാണ്. അവയ്ക്ക് സ്ഥാപനങ്ങളുടേതു പോലുള്ള നടപടികളും ആചാരക്രമങ്ങളുമുണ്ട്. അതിനാലവയെ സാമൂഹ്യസ്ഥാപനങ്ങൾ എന്ന് വിളിക്കുന്നു. സാമൂഹ്യമൂല്യങ്ങളെ സംരക്ഷിക്കുന്നതിനുമായുള്ള സങ്കീർണവും സമഗ്രവുമായ ഒരു കൂട്ടം സാമൂഹ്യമാനദണ്ഡങ്ങളും പ്രമാണങ്ങളുമാണ് സാമൂഹ്യസ്ഥാപനങ്ങൾ. ഇതിനാൽ വിവാഹം, കുടുംബം, വിദ്യാഭ്യാസം, രാഷ്ട്രീയം, മതം

തുടങ്ങിയവയെ സാമൂഹ്യസ്ഥാപനങ്ങളായി കരുതുന്നു. ബോഗാർഡ്സ്(1971)ന്റെ അഭിപ്രായത്തിൽ ''സാമൂഹ്യസ്ഥാപനങ്ങൾ എന്നത് പ്രധാനമായും സുസ്ഥാപിതമായ ക്രമങ്ങളിലൂടെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപീകരിച്ച സമൂഹത്തിന്റെ സംഘടിതരൂപമാണ്''.

വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള ബന്ധങ്ങളെ നിയന്ത്രിക്കുന്ന അംഗീകൃതവും സ്ഥാപിതവുമായ വഴക്കങ്ങളാണ് (usages) സാമൂഹ്യസ്ഥാപനങ്ങൾ എന്ന് ഗിൻസ്ബെർഗ് (1957) നിർവചിക്കുന്നു.

### സാമൂഹ്യസ്ഥാപനങ്ങളുടെ സവിശേഷതകൾ

നമുക്ക് സാമൂഹ്യസ്ഥാപനങ്ങളുടെ സവിശേഷതകളായി താഴെപറയുന്നവയെ നിരീക്ഷിച്ച് മനസ്സിലാക്കാം

i. സാമൂഹ്യപ്രകൃതം.
ii. സാർവ്വലൗകികത്വം.
iii. കൃത്യമായ മാനദണ്ഡങ്ങൾ.
iv. മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധികൾ.
v. നിയന്ത്രണോപാധികൾ.
vi. താരതമ്യേന സുസ്ഥിരം.
vii. പ്രതീകങ്ങൾ രൂപപ്പെട്ടുവരുന്നു.
viii. അമൂർത്തമായ പ്രകൃതം.

### പ്രധാനപ്പെട്ട സാമൂഹ്യസ്ഥാപനങ്ങൾ



നമ്മുടെ സമൂഹത്തിലെ പരിചിതങ്ങളായ ചില സാമൂഹ്യസ്ഥാപനങ്ങളെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

**A. വിവാഹം**

നിങ്ങൾ പല വിവാഹങ്ങളിലും പങ്കെടുത്തിട്ടുണ്ടാകും. വിവാഹത്തിന്റെ ഉദ്ദേശ്യങ്ങൾ എന്താണെന്ന് നിങ്ങൾക്ക് പറയാമോ?



കുടുംബരൂപീകരണത്തിന് സമൂഹം അംഗീകരിച്ചിട്ടുള്ള ഒരു സമ്പ്രദായമാണ് വിവാഹം. സാർവത്രികമായ സാമൂഹ്യസ്ഥാപനങ്ങളിലൊന്നാണ് വിവാഹം. മനുഷ്യന്റെ ലൈംഗിക ജീവിതത്തെ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമാണ് മാനവസമൂഹം ഇതു സ്ഥാപിച്ചത്. വധൂവരൻമാരുടെ പ്രായം, വിവാഹസ്ഥലം തുടങ്ങിയവയെക്കുറിച്ച് ചില നിയമങ്ങളും വ്യവസ്ഥകളും നിലനിൽക്കുന്നു. ഓരോ

സമൂഹത്തിന്റെയും സംസ്കാരങ്ങൾക്കനുസരിച്ച് വിവാഹത്തിന്റെ ചട്ടങ്ങളും നടപടി ക്രമങ്ങളും അനുഷ്ഠാനങ്ങളും വ്യത്യസപ്പെട്ടിരിക്കുന്നു.

ലൂൺ ബർഗ്ഗിന്റെ അഭിപ്രായത്തിൽ വിവാഹം എന്നത് ഭാര്യക്കും ഭർത്താവിനും പരസ്പരമുള്ള അവകാശങ്ങൾ, കടമകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവയെ നിർവചിക്കുന്ന നിയമങ്ങളും നടപടിക്രമങ്ങളുമാണ്.

**വിവിധതരം വിവാഹങ്ങൾ**

വിവാഹത്തിന്റെ വിവിധതരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

a. **ഏകപത്നിത്വം (Monogamy):** ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം ചെയ്യുന്ന സമ്പ്രദായം.

b. **ബഹുപത്നിത്വം (Polygyny):** ഒരു പുരുഷൻ ഒരേ സമയം ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിക്കുന്ന സമ്പ്രദായം.

c. **ബഹുഭർതൃത്വം (Polyandry)** : ഒരു സ്ത്രീ ഒരേ സമയം ഒന്നിലധികം പുരുഷന്മാരെ വിവാഹം കഴിക്കുന്ന സമ്പ്രദായം.

## B. കുടുംബം (Family)

കുടുംബത്തിൽ നിന്നും അകലെയാകുമ്പോൾ നിങ്ങൾക്ക് എന്താണ് അനുഭവപ്പെടുന്നത്?

- ...................................................................

കുടുംബത്തിലേക്ക് മടങ്ങി എത്തിക്കഴിയുമ്പോൾ നിങ്ങൾക്കെന്താണ് തോന്നുന്നത്?

- ...................................................................



കുടുംബങ്ങളിലാണ് നമുക്ക് ഏറ്റവുമധികം സുരക്ഷിതത്വം അനുഭവപ്പെടുന്നത്. സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാനഘടകമാണ് കുടുംബം. സാർവ്വദേശീയമായ ഒരു സാമൂഹ്യസ്ഥാപനമാണ് കുടുംബം. മാനവസമൂഹത്തിന്റെ അനിവാര്യമായ ഭാഗമാണിത്. മനുഷ്യരെ സാമൂഹ്യവൽക്കരിക്കുന്ന പ്രാഥമികമായ സാമൂഹ്യഗണമാണിത്. പ്രത്യുൽപാദനവും കുട്ടികളെ വളർത്തിയെടുക്കലുമാണ് കുടുംബത്തിന്റെ ഉദ്ദേശ്യം.

''കുട്ടികളോടുകൂടി അല്ലെങ്കിൽ കുട്ടികൾ ഇല്ലാത്ത ഭാര്യാഭർത്താക്കന്മാരോ അല്ലെങ്കിൽ കുട്ടികളോടുകൂടി ഒരു സ്ത്രീയോ അല്ലെങ്കിൽ കുട്ടികളോടുകൂടി ഒരു പുരുഷനോ അടങ്ങിയ ഏറെക്കുറേ ശാശ്വതമായ ബന്ധമാണ് കുടുംബം.'' (നിംകോഫ് : 1987)

മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളിൽ നിന്ന് കുടുംബത്തിന്റെ സവിശേഷതകളെ താഴെ പറയുംവിധം നമുക്ക് സംഗ്രഹിക്കാം.

**കുടുംബത്തിന്റെ സവിശേഷതകൾ**

i. **സാർവ്വത്രികത :** എല്ലാ സമൂഹങ്ങളിലും കുടുംബം കാണപ്പെടുന്നു. കുടുംബമില്ലാതെ ഒരു കമ്മ്യൂണിറ്റിയുമില്ല.

ii. **വൈകാരികമായ അടിത്തറ :** വൈകാരികതയുടെയും, സഹജഭാവങ്ങളുടെയും അടിസ്ഥാനത്തിലാണ് കുടുംബം നിലകൊള്ളുന്നത്. സ്നേഹം, വാത്സല്യം, അനുകമ്പ, പരസ്പരസഹകരണം, സൗഹൃദം തുടങ്ങിയമാനുഷിക വികാരങ്ങളാണ് കുടുംബത്തിന്റെ അടിത്തറയായി നിലകൊള്ളുന്നത്.

iii. **പരിമിതമായ വലുപ്പം:** കുടുംബത്തിന് പരിമിതമായ വലുപ്പമേ ഉള്ളൂ. പ്രാഥമിക ഗണം എന്ന നിലയിൽ ഇതിന്റെ വലുപ്പം അവശ്യമായും പരിമിതപ്പെടുത്തിയിരിക്കുന്നു. കുടുംബം സമൂഹത്തിലെ ഏറ്റവും ചെറിയ ഘടകമാണ്.

iv. **സാമൂഹ്യഘടനയിലെ കേന്ദ്രീയ സ്ഥാനം :** മുഴുവൻ സാമൂഹ്യഘടനയും നിർമിച്ചിരിക്കുന്നത് കുടുംബ ഘടകങ്ങൾകൊണ്ടാണ്. മറ്റ് സാമൂഹ്യസംഘടനകളുടേയും കേന്ദ്രബിന്ദു കുടുംബമാണ്.

v. **സാമൂഹ്യക്രമീകരണം :** സാധ്യമായ എല്ലാ തകർച്ചകളിൽ നിന്നും കുടുംബ സ്ഥാപനത്തെ രക്ഷിക്കാനായി സമൂഹം എല്ലാവിധ മുൻകരുതലുകളും എടുക്കുന്നു.

വ്യക്തികളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തുന്ന ഏറ്റവും പ്രാധാന്യമേറിയതും കരുത്തുറ്റതുമായ സംഘടനയാണ് കുടുംബം.

**കുടുംബത്തിന്റെ വിവിധ തരങ്ങൾ**

വംശപരമ്പരയുടെയോ കൈമാറ്റത്തിന്റെയോ അടിസ്ഥാനത്തിൽ കുടുംബത്തെ പ്രധാനമായ പിതൃ മേധാവിത്വകുടുംബം, മാതൃ മേധാവിത്വകുടുംബം എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. ഘടനയുടെ അല്ലെങ്കിൽ വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ കുടുംബത്തെ അണുകുടുംബം, വ്യാപൃതകുടുംബം, കൂട്ടുകുടുംബം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

## C. മതം (Religion)

ചിലർ ക്ഷേത്രങ്ങളിലേക്കും ചിലർ ക്രിസ്ത്യൻ പള്ളികളിലേക്കും മറ്റു ചിലർ മുസ്ലിം പള്ളികളിലേക്കും ആരാധനയ്ക്കായി പോകുന്നു. എന്തുകൊണ്ട്?

- ..........................................................................

പ്രകൃത്യാതീതമായ ശക്തികളിലുള്ള വിശ്വാസമാണ് മതം. എല്ലാസമൂഹത്തിലും ഈ വിശ്വാസം നിലനിൽക്കുന്നു. പ്രകൃത്യാതീതമായ ശക്തികളോടുള്ള മനുഷ്യന്റെ സംഘടിതമായ പ്രതികരണമാണ് മതം. മതത്തിന് തൃപ്തികരമായ ഒരു വിശദീകരണം കണ്ടുപിടിക്കുവാൻ സാമൂഹികശാസ്ത്രജ്ഞർക്ക് ഇപ്പോഴും സാധിച്ചിട്ടില്ല. മനുഷ്യർ തമ്മിലുള്ള ബന്ധത്തേക്കാളുപരി മനുഷ്യനും മറ്റൊരു ഉയർന്ന ശക്തിയും തമ്മിലുള്ള ബന്ധമായിട്ടാണ് മെക് ഐവറും പേജും മതത്തെ നിർവചിച്ചിരിക്കുന്നുത്. ഒഗ്ബോണിന്റെ അഭിപ്രായത്തിൽ അതിമാനുഷിക ശക്തിയോടുള്ള ഒരു മനോഭാവമാണ് മതം.

എന്തുചെയ്യണം എന്ത് ചെയ്യരുത് എന്നതിന് മതം ജനങ്ങൾക്ക് മാർഗദർശനം നൽകുന്നു. മതം മനുഷ്യനെ വ്യക്തിപരവും സാമൂഹ്യപരവുമായ ജീവിതത്തിന് മാർഗനിർദേശം നൽകുകയും സാമൂഹ്യ-സാംസ്കാരിക മാനദണ്ഡങ്ങൾക്കനുസൃതമായി മനുഷ്യസ്വഭാവത്തെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

മതവുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ടു സിദ്ധാന്തങ്ങൾ നിലനിൽക്കുന്നുണ്ട്.

a. സർവ്വജീവത്വവാദം (Animism): എല്ലാത്തിനും ആത്മാക്കൾ ഉണ്ടെന്ന് വിശ്വസിക്കുന്നു.

b. പ്രകൃതിവാദം (Naturalism) പ്രകൃതിശക്തികളിൽ വിശ്വസിക്കുന്നു.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യസ്ഥാപനങ്ങൾ എന്നത്കൊണ്ട് നിങ്ങൾ എന്താണെന്നർത്ഥമാക്കുന്നത്?
2. വിവിധതരം വിവാഹങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
3. മതം എന്നത് കൊണ്ട് നിങ്ങൾ എന്ത് അർത്ഥമാക്കുന്നു.?

**നമുക്ക് പ്രവർത്തിക്കാം.**



*സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുകയും അതിന്റെ വെളിച്ചത്തിൽ വിവിധ സാമൂഹ്യസ്ഥാപനങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.*

## 5.6 സാമൂഹ്യപ്രക്രിയ (Social process)

നിങ്ങളുടെ പഠനത്തിന്റെ ഭാഗമായി ഒരു കമ്മ്യൂണിറ്റിയെ സന്ദർശിക്കുവാനും നിരീക്ഷിക്കുവാനും അവസരം കിട്ടിയെന്ന് കരുതുക. ആ കമ്മ്യൂണിറ്റിയെ പലദിവസങ്ങൾ നിങ്ങൾ നടന്നു കാണുന്നു. അവിടെ നിങ്ങൾക്ക് കാണാൻ സാധ്യതയുള്ള കാഴ്ചകളും സംഭവങ്ങളും സൂചിപ്പിക്കാമോ?

- ..................................................................

കൃഷി, കെട്ടിടനിർമ്മാണം, പഠനം, കച്ചവടം, പലചരക്കുകൾ എന്നിങ്ങനെ പല കാര്യങ്ങളിൽ ജനങ്ങൾ ഏർപ്പെട്ടിരിക്കുന്നത് നിങ്ങൾക്ക് കാണാം. അതോടൊപ്പം തന്നെ ജനങ്ങൾ സ്നേഹത്തോടും കരുതലോടും ഒന്നിച്ചുകൂടുന്നതും കാണാം. ചിലപ്പോൾ വഴക്കും, ആക്രമണങ്ങളും വേർപിരിയലുകളും കാണാം.

ഇത്തരത്തിലുള്ള ദൈനംദിന പ്രവർത്തനങ്ങൾ ഒരു കമ്മ്യൂണിറ്റിയെ ചലനാത്മകമാക്കുന്നു. ഓരോ പ്രക്രിയയിലും ധാരാളം പ്രവർത്തനങ്ങൾ ഉണ്ട്. എല്ലാ പ്രവർത്തനങ്ങളും സാമൂഹ്യപ്രക്രിയയുടെ ഭാഗമാണെന്ന് പറയാം. സമൂഹത്തിൽ ജനങ്ങൾക്കിടയിൽ അഭിപ്രായഭിന്നതകളും, വഴക്കുകളും, മൽസരങ്ങളും, ഐക്യവും, സഹകരണവും കാണാം. ഇങ്ങനെയുള്ള വിവിധ സാമൂഹ്യപ്രക്രിയകളിൽ കൂടി സമൂഹം കടന്നു പോകുന്നു.

സാമൂഹ്യബന്ധങ്ങളുടെ ഒരു ശൃംഖലയാണ് സമൂഹം. മനുഷ്യർ മറ്റുള്ളവരോട് ഇടപെടുകയും അവരുടെ പല ആവശ്യങ്ങൾ സാധിക്കുന്നതിനായി ബന്ധങ്ങൾ സൃഷ്ടിക്കു



കയും ചെയ്യുന്നു. ഉദാഹരണത്തിന് അച്ഛനും മകനും തമ്മിലുള്ള ബന്ധം, ഉടമസ്ഥനും തൊഴിലാളിയും തമ്മിലുള്ള ബന്ധം, അധ്യാപക-വിദ്യാർത്ഥി ബന്ധം, നേതാവും അനുയായിയും തമ്മിലുള്ള ബന്ധം തുടങ്ങിയവ. പരസ്പര ആശയവിനിമയവും ഇടപെടലുകളും ബന്ധങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമാണ്. സാമൂഹ്യബന്ധങ്ങളെ അവ പ്രദർശിപ്പിക്കുന്ന ഇടപെടലുകളുടെ അടിസ്ഥാനത്തിലാണ് പഠിക്കാനാവുക. സാമൂഹ്യബന്ധം പുലർത്തുന്ന ഇടപെടലുകളുടെ രീതിയെയാണ് സമൂഹ്യപ്രക്രിയ എന്നുപറയുന്നത്. മനുഷ്യർ പരസ്പരം ബന്ധപ്പെടുകയും ബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതിന്റെ ഏറ്റവും അടിസ്ഥാനപരമായ രീതികളാണ് സാമൂഹ്യ പ്രക്രിയകൾ.

''പരസ്പര ഇടപെടലുകൾ സംഭവിക്കുന്ന സവിശേഷരീതികൾ മാത്രമാണ് സാമൂഹ്യ പ്രക്രിയകൾ'' എന്നാണ് എ.ഡബ്ല്യു. ഗ്രീൻ (1986) അഭിപ്രായപ്പെടുന്നത്. ഗിൻസ്ബർഗിന്റെ അഭിപ്രായത്തിൽ ''വിവിധ വ്യക്തികളോ ഗ്രൂപ്പുകളോ തമ്മിലുള്ള ഇടപെടലുകളുടെ വിവിധരീതികളാണ് സാമൂഹ്യപ്രക്രിയകൾ. അതു സഹകരണവും സംഘട്ടനവുമാകാം. സാമൂഹ്യമായ വിഭജനമോ സംയോജനമോ ആകാം. വികസനമോ തടസ്സമോ ജീർണിപ്പോ ആകാം''.

**സാമൂഹ്യപ്രക്രിയകളുടെ രീതികൾ**

താഴെ കൊടുത്തിരിക്കുന്ന രണ്ട് സാഹചര്യങ്ങളെ വിലയിരുത്തുക.

**സാഹചര്യം 1 :** നിങ്ങളുടെ വീട്ടിലേക്ക് പോകുന്ന വഴി യാത്രചെയ്യുവാൻ കഴിയാത്തതാണ്. എന്നാൽ അവിടെ സംഘശക്തികൊണ്ട് പുതിയ ഒരു വഴി നിർമ്മിക്കുവാനുള്ള സാധ്യതയുണ്ട്. നിങ്ങൾ എന്തു ചെയ്യും?

- ................................................................

**സാഹചര്യം 2 :** നിങ്ങളുടെ ചില അയൽക്കാർ നിങ്ങൾക്ക് ആ വഴി ഉപയോഗിക്കുവാൻ അവകാശമില്ല എന്ന് പറഞ്ഞുകൊണ്ട് വഴി അടയ്ക്കുന്നു. നിങ്ങളുടെ പ്രതികരണം എന്തായിരിക്കും?

- ................................................................

ആദ്യത്തെ സംഭവത്തിൽ എല്ലാവർക്കും ചേർന്ന് പുതിയൊരു വഴി നിർമ്മിക്കാൻ സഹകരിക്കുന്നു.രണ്ടാമത്തെ സംഭവത്തിൽ വഴി അടച്ചത് ആരാണെന്ന് നിങ്ങൾ ചോദ്യം ചെയ്യുന്നു. അതായത് ജനങ്ങൾ പല സന്ദർഭങ്ങളിലും പല രീതിയിൽ പരസ്പരം ഇടപെടുന്നു. സാമൂഹ്യപ്രക്രിയകൾ പലതരത്തിലുണ്ട്. സംയോജനാത്മക പ്രക്രിയ, വിഘടനാത്മക പ്രക്രിയ എന്നിവയാണ് അവ. മുകളിൽ പ്രസ്താപിച്ച രണ്ട് സാഹചര്യങ്ങൾ ഇവയിൽ ഏതു രീതിയിലുള്ളവയാണെന്ന് പറയാമോ?

സാചര്യം 1 : ..................................................................

സാചര്യം 2 : ..................................................................

## A. സംയോജനാത്മക സാമൂഹ്യ പ്രക്രിയ (Associative Social Process)

സംയോജനാത്മക സാമൂഹ്യ പ്രക്രിയ എപ്പോഴും സമൂഹത്തെ ഒരുമിപ്പിക്കുന്നതും ഗുണകരമാക്കുന്നതുമാണ്. സംയോജനാത്മക സാമൂഹ്യപ്രക്രിയ സ്നേഹം, നീതി, സ്വാതന്ത്ര്യം, സാഹോദര്യം, നിഷേധാത്മകമല്ലാത്ത ഇടപെടലുകൾ എന്നിവയിലേക്കു നയിക്കുന്നു. അതുകൊണ്ട് ഇവയെ ഒരുമിപ്പിക്കുന്ന സാമൂഹ്യപ്രക്രിയകൾ എന്നും വിളിക്കുന്നു. ഈ സാമൂഹ്യപ്രക്രിയകൾ സമൂഹത്തിൽ സ്ഥിരതയും ഉന്നമനവും കൈവരിക്കാൻ സഹായിക്കുന്നു. സംയോജനാത്മക സാമൂഹ്യ പ്രക്രിയകൾ പ്രധാനമായും മൂന്ന് തരം ഉണ്ട്.

a) സഹകരണം, b) സമരസപ്പെടൽ, c) സ്വാംശീകരണം എന്നിവയാണ് പ്രധാന സംയോജനാത്മക പ്രവർത്തനങ്ങൾ

### a. സഹകരണം (Co-operation)





പൊതുവായ ലക്ഷ്യങ്ങൾക്കുവേണ്ടി ഒന്നിച്ചു പ്രവർത്തിക്കുന്നതിനെയാണ് സഹകരണം എന്നുപറയുന്നത്. സഹകരണം (Co-operation) എന്നത് രണ്ട് ലാറ്റിൻ വാക്കുകൾ ചേർന്നുണ്ടായതാണ്. 'Co' എന്ന പദത്തിന് ഒന്നിച്ച് എന്നാണർത്ഥം. 'Operari' എന്നാൽ പ്രവർത്തിക്കൽ എന്നാണർഥം. പൊതുവായ പ്രതിഫലത്തിനായി കൂട്ടായി ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിനെയാണ് സഹകരണം എന്നുപറയുന്നത്. സാമൂഹ്യജീവിതത്തിലെ അവശ്യപ്രക്രിയയാണ് സഹകരണം. സാമൂഹ്യപുരോഗതിയുടേയും, വികസനത്തിന്റേയും സത്ത സഹകരണമാണ്. സഹകരണമില്ലാതിരുന്നെങ്കിൽ സമൂഹം തന്നെ ഉണ്ടാകുമായിരുന്നില്ല.

മെറിലിന്റെയും എൽഡ്രഡ്ജിന്റെയും അഭിപ്രായത്തിൽ (1980) ഒരുപൊതുവായ ലക്ഷ്യത്തിനു വേണ്ടി രണ്ടോ അതിലധികമോ ആളുകൾ ഒന്നിച്ച് പ്രവർത്തിക്കുന്നതിനെയാണ് സഹകരണം എന്ന് പറയുന്നത്. മനുഷ്യന് സഹകരണം കൂടാതെ നിലനിൽക്കുവാൻ കഴിയില്ല. വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും പല സാഹചര്യങ്ങളെയും അഭിമുഖീകരിക്കുന്നതിനും തരണം ചെയ്യുന്നതിനും സഹകരണം ആവശ്യമാണ്.

### b. സമരസപ്പെടൽ (Accomodation)

*ശ്രീരംഗപട്ടണം ഉടമ്പടി*യെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. 1792-ൽ മൈസൂർ യുദ്ധത്തിന്റെ അവസാനം ടിപ്പുസുൽത്താനും ബ്രിട്ടീഷ് പട്ടാളവും തമ്മിലുണ്ടാക്കിയ ഉടമ്പടിയാണിത്. സമരസപ്പെടൽ എന്ന സാമൂഹ്യപ്രക്രിയക്ക് ഉദാഹരണമാണിത്. ഒരു



സംഘർഷത്തിനുശേഷം ഉണ്ടാകുന്ന പൊരുത്തപ്പെടലാണ് സമരസപ്പെടൽ. ജീവിതത്തിൽ മനുഷ്യന് പലപ്പോഴും സംഘർഷങ്ങൾ നേരിടേണ്ടിവരും. ഇത്തരം സംഘർഷങ്ങൾ അനിശ്ചിതകാലം തുടരുക സാധ്യമല്ല. അതുകൊണ്ട് എപ്പോഴും പൊരുത്തപ്പെടലുകൾ നടത്തേണ്ടിവരുന്നു. ഇത്തരത്തിൽ സംഘർഷമുണ്ടാക്കുന്ന സംഘങ്ങളിലും സാഹചര്യങ്ങളിലും മനുഷ്യൻ നിരന്തരമായി നടത്തുന്ന പൊരുത്തപ്പെടലുകളാണ് സമരസപ്പെടൽ. മാക് ഐവർ (1988) പറയുന്നത് സമരസപ്പെടൽ എന്നത് 'മനുഷ്യൻ അവന്റെ ചുറ്റുപാടുകളുമായി പൊരുത്തപ്പെടുന്നതിനുവേണ്ടി നടത്തുന്ന ഒരു പ്രക്രിയയാണെന്നാണ്.' യുദ്ധത്തിന് ശേഷമുള്ള സമാധാനം, വഴക്കിന്ശേഷം കുടുംബാംഗങ്ങൾ പരസ്പരസ്നേഹത്തോടും കരുതലോടും കഴിയുന്നത് എന്നിവ സമരസത്തിന് ഉദാഹരണങ്ങളാണ്.

### c. സ്വാംശീകരണം (Assimilation)



നമുക്ക് രഞ്ജുവിന്റെ ജീവിതം ഉദാഹരണമാക്കിക്കൊണ്ട് സ്വാംശീകരണം എന്ന ആശയം വിശദീകരിക്കാം.

*+2 പഠനത്തിനുശേഷം രഞ്ജു ബാംഗളൂരിലെ ഒരു പ്രൊഫഷണൽ കോളേജിൽ പഠിക്കുവാൻ ചേർന്നു. എന്നാൽ തുടക്കത്തിൽ രഞ്ജുവിന് അവിടുത്തെ കാലാവസ്ഥ, ഭാഷ, ജീവിതശൈലി, ഭക്ഷണരീതി, എന്നിവയോട് പൊരുത്തപ്പെടുവാൻ സാധിച്ചിരുന്നില്ല. അവിടം വിട്ടുപോകാൻ അവൻ ആഗ്രഹിച്ചുവെങ്കിലും മാതാപിതാക്കൾ അവിടെത്തന്നെ താമസിക്കുവാനും പഠനം തുടരുവാനും അവനെ നിർബന്ധിച്ചു. അവസാനം രഞ്ജു ആ സ്ഥലവും സാഹചര്യവുമായി പൊരുത്തപ്പെടുകയും പരീക്ഷയിൽ ഫസ്റ്റ് ക്ലാസോടുകൂടി പാസ്സാകുകയും ചെയ്തു. ഇപ്പോൾ രഞ്ജു ബാംഗളൂരിൽ തന്നെ പി എച്ച് ഡി പഠനം നടത്തി അവിടെ തന്നെ ജോലിചെയ്യുവാൻ ആഗ്രഹിക്കുന്നു.*

രഞ്ജുവിന് എന്താണ് സംഭവിച്ചത്? അദ്ദേഹം കാലക്രമേണ അവിടത്തെ ഭാഷ, ആഹാരരീതി, ആചാരങ്ങൾ, മൂല്യങ്ങൾ എന്നിവയുമായി പൊരുത്തപ്പെടുകയാണുണ്ടായത്. ഇതിനെയാണ് സ്വാംശീകരണം എന്ന് പറയുന്നത്. ബൊഗാർഡസ് (1978) ന്റെ അഭിപ്രായത്തിൽ "പല വ്യക്തികളുടെയും മനോഭാവങ്ങൾ ഒന്നിച്ചു ചേരുകയും അങ്ങനെ യോജിപ്പുള്ള ഒരു സംഘമാവുകയും ചെയ്യുന്ന പ്രക്രിയയാണ് സ്വാംശീകരണം."

സമരസപ്പെടലിനെ പോലെ സ്വാംശീകരണവും സാമൂഹ്യപൊരുത്തപ്പെടലിന്റെ ഒരു രൂപമാണ്. വ്യക്തികളോ സമൂഹമോ അവർ ജീവിക്കുവാൻ എത്തുന്ന സമൂഹത്തിന്റെ സംസ്കാരത്തെ ആർജിക്കുന്നതിനെയാണ് സ്വാംശീകരണം എന്ന് പറയുന്നത്. അവർ ആ ജീവിതത്തിന്റെ മൂല്യങ്ങളും ജീവിതക്രമങ്ങളും മനോഭാവങ്ങളും അനുരൂപീകരിച്ചെടുക്കുന്നു. അതുകൊണ്ട് സ്വാംശീകരണത്തിന് അടിസ്ഥാനപരമായ മാറ്റങ്ങൾ ആവ

ശ്യമാണ്. സ്വാംശീകരണം നടക്കുമ്പോൾ രണ്ട് വ്യത്യസ്ത സംഘങ്ങളിലെ ആളുകൾ ഏറെക്കുറെ ഒരുപോലെയാകും. പുതുതായി വിവാഹജീവിതം ആരംഭിക്കുന്നവർ പരസ്പര സംസ്കാരത്തെ സ്വാംശീകരിക്കുന്നത് ഇതിന് ഉദാഹരണമാണ്.

## B. വിഘടനാത്മക സാമൂഹ്യ പ്രക്രിയകൾ (Dissociative Social Process)

സംയോജനാത്മകസാമൂഹ്യപ്രക്രിയയുടെ നേർവിപരീതമാണിത്. സാമൂഹ്യമായ വേർതിരിവ്, വെറുപ്പ്, അനീതി, തെറ്റായ പെരുമാറ്റം, നിഷേധാത്മകമായ ഇടപെടലുകൾ എന്നിവയിലേക്ക് നയിക്കുന്നവയാണ് വിഘടനാത്മക പ്രക്രിയകൾ. ഇത്തരം സാമൂഹ്യപ്രക്രിയകൾ വിഘടനത്തിലേക്ക് നയിച്ച് സമൂഹത്തിന്റെ വികസനത്തിനും പുരോഗതിക്കും തടസ്സമാവുകയും ചെയ്യുന്നു. മത്സരം, സംഘർഷം എന്നിവ വിഘടനാത്മക സാമൂഹ്യപ്രവർത്തനത്തിന് ഉദാഹരണങ്ങളാണ്.

### a. മത്സരം (Competition)



+2 ഹ്യുമാനിറ്റീസ് വിഷയത്തിന് ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന ആൾക്ക് ഒരു നല്ല സമ്മാനം ഉണ്ടെന്ന് കരുതുക. കഴിഞ്ഞപരീക്ഷയിൽ നിങ്ങൾ ഉൾപ്പെടെ 9 വിദ്യാർത്ഥികൾക്ക് ഉയർന്ന മാർക്ക് ലഭിച്ചിരുന്നു. നിങ്ങൾ എന്തു ചെയ്യും? നിങ്ങളുടെ കൂട്ടുകാർക്ക് പരസ്പരം എന്ത് മനോഭാവമാണ് തോന്നുന്നത്?

- ..................................................................

സാമൂഹ്യപ്രക്രിയയുടെ ഏറ്റവും അടിസ്ഥാനപരമായ രൂപമാണ് മത്സരം. അവസരങ്ങൾ കുറയുമ്പോഴും ആവശ്യങ്ങൾ വർദ്ധിക്കുമ്പോഴും ജനങ്ങൾക്കിടയിൽ മൽസരങ്ങൾ ഉണ്ടാകുന്നു. ഇത് അതിജീവനത്തിനുവേണ്ടി സാർവ്വലൗകികമായുള്ള സംഘർഷമാണ്. വിഭവങ്ങളുടെ അപര്യാപ്തത കാരണം മനുഷ്യരുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുക എന്നത് പ്രയാസമാണ്. ''ആഗ്രഹിക്കുന്നതും അപര്യാപ്തമായി മാത്രം ലഭ്യമായതുമായ വസ്തുക്കളെ നേടുന്നതിനുവേണ്ടി വ്യക്തികൾ തമ്മിൽ വ്യക്തിപരമല്ലാത്ത രീതിയിൽ ഉണ്ടാകുന്ന സംഘർഷമാണ് മൽസരങ്ങൾ'' (മാക്ക് ഐവർ & പേജ് (1957).

### b. സംഘർഷം (Conflict)

+2 പഠനത്തിന് ശേഷം നിങ്ങൾ ഹോട്ടൽ മാനേജ്മെന്റ് പഠിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് കരുതുക. എന്നാൽ നിങ്ങളുടെ വീട്ടുകാർ നിങ്ങളെ ജനറൽ നഴ്സിങിന് വിടുവാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ നിങ്ങളുടെ കുടുംബത്തിൽ എന്തായിരിക്കും സംഭവിക്കുന്നത് ?

- ..................................................................

വ്യക്തികൾക്കിടയിലും സംഘങ്ങൾക്കിടയിലുമുള്ള കലഹത്തിന്റെ ഒരു രൂപമാണ് സംഘർഷം. സംഘർഷമെന്നത് എല്ലാ സമൂഹങ്ങളിലും നടന്നുവരുന്ന ഒരു പ്രക്രിയയാണ്. ഇത് മനുഷ്യബന്ധങ്ങളിൽ എന്നും കാണപ്പെടുന്നു. അത് സാമൂഹ്യസംവിധാനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ്. ഏതെങ്കിലും അവസരത്തിൽ ഒരു വ്യക്തിയോ സംഘമോ മറ്റുള്ളവരെ ഒരു പ്രതിഫലം നേടിയെടുക്കുന്നതിൽ നിന്നും തടഞ്ഞുകൊണ്ട്



അത് കൈവശപ്പെടുത്തുവാൻ ശ്രമിച്ചാൽ അതിന്റെ ഫലമായി സംഘർഷം ഉണ്ടാകുന്നു. ഹോർട്ടൻ, ഹണ്ട് (1990) എന്നിവരുടെ അഭിപ്രായത്തിൽ ''മറ്റ് മത്സരാർത്ഥികളെ ഒഴിവാക്കുകയോ ദുർബലരാക്കുകയോ ചെയ്തുകൊണ്ട് ഒരു പ്രതിഫലത്തെ കുത്തകയാക്കിവയ്ക്കുവാൻ നടത്തുന്ന പ്രക്രിയയാണ് സംഘർഷം.''

സമ്പർക്കമുണ്ടാക്കുകയെന്നത് സംഘർഷത്തിന്റെ അത്യന്താപേക്ഷിതമായ അവസ്ഥയാണ്. എന്നാൽ മൽസരത്തിൽ മൽസരാർത്ഥികൾ തമ്മിലുള്ള സമ്പർക്കവും ആശയവിനിമയവും അത്യന്താപേക്ഷിതമല്ല. സംഘർഷമെന്നത് നശീകരണ സ്വഭാവമുള്ളതാണ്. ഇത് പലപ്പോഴും അക്രമവുമായി ബന്ധപ്പെട്ടിരിക്കും. മൽസരത്തെപ്പോലെ സംഘർഷത്തിന്റെ അടിസ്ഥാനകാരണം വിഭവങ്ങളുടെ അപര്യാപ്തതയും മനുഷ്യരുടെ അനന്തമായ ആവശ്യങ്ങളുമാണ്.

## 5.7 സാമൂഹ്യവൽകരണം (Socialization)



താഴെ തന്നിരിക്കുന്ന രണ്ട് സംഭവങ്ങൾ പരിശോധിക്കാം.

**സംഭവം ഒന്ന്**

*''ബാലു എന്ന എന്റെ സുഹൃത്ത് എന്നെ അത്താഴത്തിന് ക്ഷണിച്ചു. ബാലുവിന് രണ്ട് മക്കളുണ്ട്. വാണിയും, ദില്ലും . അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ബാലുവിനോട് ദില്ലിനെക്കുറിച്ച് ചോദിച്ചു. അവൻ നമ്മൾ കഴിച്ചശേഷം ഒറ്റക്ക് ഭക്ഷണം കഴിക്കാൻ ഇഷ്ടപ്പെടുന്നു എന്ന് ബാലു പറഞ്ഞു. അവൻ എപ്പോഴും ഒറ്റക്ക് നടക്കാൻ ഇഷ്ടപ്പെടുന്നു എന്നും ബാലു പറഞ്ഞു.''*

ഇങ്ങനെയുള്ള ചില വ്യക്തിത്വങ്ങളെ നിങ്ങൾക്ക് അറിയാമായിരിക്കും. അവർ എന്തുകൊണ്ടാണ് അങ്ങനെ.?

- ..................................................................

### സംഭവം രണ്ട്

*ചെന്നായ്ക്കൾ വളർത്തിയ ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ നാലുകാലിൽ നട ന്നിരുന്നു. സംസാരിക്കാനോ ഭക്ഷണം കഴിക്കാനോ സാധിക്കാതെ ചെറിയപ്രായത്തിൽ അവൾ മരണമടഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്?*

- ..................................................................

പെൺകുട്ടിക്ക് സ്വാഭാവികമായ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ ഉത്തേ ജനം ലഭിച്ചിട്ടില്ല. അവൾ മനുഷ്യരുമായി ബന്ധമില്ലാതെ വളർന്നതുകൊണ്ട് അവൾക്ക് മനുഷ്യൻ ചെയ്യുന്നരീതിയിൽ കാര്യങ്ങൾ ചെയ്യുവാൻ സാധിച്ചില്ല. ഒരു വ്യക്തി ജീവി ക്കുന്ന സാഹചര്യങ്ങൾ അയാളുടെ വ്യക്തിത്വവികാസത്തിൽ എത്രസ്വാധീനം ചെലുത്തുന്നു എന്നതാണ് ഇത് കാണിക്കുന്നത്.

മുൻപറഞ്ഞ സംഭവങ്ങളിലെ കഥാപാത്രങ്ങൾ സമൂഹത്തിൽ അധികം ഇടപെടുന്നവ രല്ല. ആണെന്ന് തോന്നുന്നുണ്ടോ? എല്ലാ വ്യക്തികളും സദാചാരബോധവും സാമൂ ഹ്യബോധവും ഇല്ലാത്തവരായാണ് ജനിക്കുന്നത്. എന്നാൽ നവജാതർക്ക് സാമൂഹ്യ പരിശീലനം നൽകുവാൻ സമൂഹത്തിന് രീതികളും മാർഗ്ഗങ്ങളും ഉണ്ട്. ഈ പ്രക്രിയ യാണ് സാമൂഹ്യവൽകരണം. ഗ്രീനിന്റെ (1985) അഭിപ്രായപ്രകാരം ഒരു വ്യക്തി സാമൂ ഹ്യജീവിയായി വികസിക്കുന്ന പ്രക്രിയയാണ് സാമൂഹ്യവൽക്കരണം എന്ന് പറയുന്നത്.

നവജാതശിശു സമൂഹത്തിന്റെ മൂല്യങ്ങളും വിശ്വാസങ്ങളും നിയമങ്ങളും അതോടൊപ്പം അവൻ ജീവിക്കുന്ന ചുറ്റുപാടിലെ സംസ്കാരവും പാലിക്കുന്നു. സാമൂഹ്യവൽകരണം ഒരു വ്യക്തിയെ സമൂഹത്തിൽ ഇടപെട്ടുജീവിക്കുന്ന ആളാക്കി മാറ്റുന്നു. സാമൂഹ്യവൽക രണങ്ങളിലൂടെ ഒരു വ്യക്തിയിലെ വ്യക്തിത്വം രൂപപ്പെടുന്നു. സാമൂഹ്യവൽക്കരണം ഒരു വ്യക്തിയെ സമൂഹത്തിൽ തന്റെ ധർമ്മങ്ങൾ നിർവഹിക്കുന്നതിന് പ്രാപ്തനാക്കുന്നു.

### സാമൂഹ്യവൽക്കരണത്തിന്റെ ഏജന്റുകൾ

സാമൂഹ്യവൽക്കരണത്തിന്റെ പ്രക്രിയ ശൈശവത്തിൽ മാത്രമല്ല ഒരാളുടെ ജീവിതം മുഴുവൻ നടക്കുന്നു. ഒരു നവജാതശിശുവിനെ സാമൂഹ്യവൽക്കരണത്തിലൂടെ പക്വ തയുള്ളവരായിത്തീർക്കുന്നതിന് താഴെപറയുന്ന ഏജൻസികൾ സഹായിക്കുന്നു.

### A. കുടുംബം

സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ് കുടുംബം. കുടുംബം അതിലെ അംഗങ്ങളിൽ നല്ല സ്വാധീനം ചെലുത്തുന്നുണ്ട്. ഒരു ശിശുവിനെ താൻ ജീവിക്കുന്ന സമുദായത്തിന്റെ സംസ്ക്കാരം പരിചയപ്പെടുത്തുന്നത് പ്രധാനമായും മാതാപിതാക്കളാണ്.

കുട്ടിയുടെ മനോഭാവം, പെരുമാറ്റം, കഴിവുകൾ എന്നിവ രൂപപ്പെടുത്തുന്നതിൽ അമ്മയും കുട്ടിയുമായുള്ള ബന്ധത്തിന് വളരെ പ്രാധാന്യമുണ്ട്. വീട്ടിൽ നിന്നാണ് ഒരുകുട്ടി പ്രധാ നമൂല്യങ്ങളായ സ്നേഹം, കരുതൽ, പങ്കിടൽ, മറ്റുള്ളവരെ ബഹുമാനിക്കൽ എന്നിവ പഠിക്കുന്നത്. പ്രശംസകളിലൂടെയും ശിക്ഷകളിലൂടെയും ഒരുകുട്ടിയുടെ നല്ലതും ചീത്ത യുമായ പെരുമാറ്റങ്ങളെ അംഗീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നു.

### B. വിദ്യാലയം

വിദ്യാലയത്തിൽ പഠനം കുറേകൂടെ ഔപചാരികമാണ്. വ്യക്തികൾ പ്രൈമറി ക്ലാസ്സിലെത്തുമ്പോൾ കുടുംബത്തിൽപെടാത്ത വ്യക്തികളുമായി ഇടപെടുന്നു. ഉയർന്ന ക്ലാസ്സുകളിലെത്തുമ്പോൾ ഈ ഇടപെടലുകൾ കൂടുതൽ പേരിലേക്ക് വ്യാപിക്കുന്നു. പിന്നീട് ഇവർ തങ്ങളുടെ സമപ്രായക്കാരുടെ സംഘങ്ങളിലും മറ്റ് ക്ലബ്ബുകൾ, സംഘടനകൾപോലുള്ള ദ്വിതീയ സംഘങ്ങളിലും അംഗമാകുകയും അതിലൂടെ പുതിയ സാഹചര്യങ്ങളുമായി യോജിക്കാൻ പരിശീലിക്കുകയും ചെയ്യുന്നു. ഒരു കുട്ടി വിദ്യാലയത്തിലെ പാഠ്യപദ്ധതിയിലൂടെ സാമൂഹ്യക്രമം മനസ്സിലാക്കുകയും അനുയോജ്യമായി മുതിർന്ന ആളായി ജീവിക്കുന്നതിന് തയ്യാറാവുകയും ചെയ്യുന്നു. വിദ്യാലയം സാങ്കേതികവും ബൗദ്ധികവുമായ നൈപുണികളോടൊപ്പം സമൂഹത്തിന്റെ സാംസ്ക്കാരിക പൈതൃകവും കുട്ടികൾക്ക് പകർന്നുകൊടുക്കുന്നു.

### C. സമപ്രായ സംഘം (Peer group)

നിങ്ങളുടെ ഒഴിവുസമയങ്ങൾ ആരുടെയൊപ്പം ചെലവഴിക്കാനാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്?

- ..................................................................




നിങ്ങളുടെ സമപ്രായക്കാരോടൊപ്പം ചിലവഴിക്കാനായിരിക്കും നിങ്ങൾ ആഗ്രഹിക്കുന്നത്. സാമൂഹ്യവൽക്കരണത്തിന് കുടുംബം കഴിഞ്ഞാൽ ഏറ്റവുമധികം സ്വാധീനിക്കുന്ന ഘടകമാണ് സമപ്രായസംഘം. ഈ സംഘത്തിലെ അംഗങ്ങൾ കുടുംബങ്ങളിൽ നിന്നും മുതിർന്നവരിൽ നിന്നും സ്കൂളിൽ നിന്നും തങ്ങൾക്ക് ലഭിക്കാത്ത അറിവുകളും അനുഭവങ്ങളും പരസ്പരം പങ്കിടുന്നു. ഒരു വ്യക്തിയുടെ ജീവിതശൈലി, ഫാഷൻ, സാമൂഹ്യചര്യകൾ, മനോഭാവങ്ങൾ എന്നിവ രൂപപ്പെടാൻ സമപ്രായ സംഘങ്ങൾ സ്വാധീനിക്കുന്നു.

### D. ബഹുജന മാധ്യമങ്ങൾ (Mass media)

സാമൂഹ്യവൽക്കരണത്തിന്റെ ശക്തമായ ഒരു ഏജന്റാണ് ബഹുജന മാധ്യമങ്ങൾ. ജനങ്ങൾ വാർത്തകൾക്കും അറിവുകൾ സാമകാലികമാക്കുന്നതിനും വിനോദത്തിനും മാധ്യമങ്ങളെ ആശ്രയിക്കുന്നു. ബഹുജനമാധ്യമങ്ങൾ പ്രസക്തമായ സാമൂഹ്യസാംസ്കാരിക വിഷയങ്ങളും അനുഭവങ്ങളും അവതരിപ്പിക്കുന്നു. ഇവയ്ക്ക് വ്യക്തികളുടെ പെരുമാറ്റത്തെ സ്വാധീനിക്കാൻ കഴിയും.

കുട്ടികളുടെ സാമൂഹ്യപെരുമാറ്റവും ടെലിവിഷൻ പരിപാടികളുടെ സ്വാധീനവും തമ്മിൽ ബന്ധമുണ്ടെന്ന് ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. അറിവിന്റെ കലവറയായ ഇന്റർനെറ്റ്

ശരിയായ രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ വലിയ അപകടങ്ങൾ ഉണ്ടാകുന്നതാണ്. സാമൂഹ്യവൽക്കരണത്തിന്റെ മറ്റ് ഏജന്റുകളാണ് അയൽപക്കം, മതം, മുതിർന്ന ആളുകൾ, സംഘടനകൾ, പുസ്തകങ്ങൾ, കഥകൾ മുതലായവ.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. എന്താണ് സാമൂഹ്യപ്രക്രിയ?
2. സംയോജനാത്മക സാമൂഹ്യപ്രക്രിയയെ കുറിച്ച് ചെറുവിവരണം നൽകുക.
3. വിഘടനാത്മക സാമൂഹ്യപ്രക്രിയകൾ ഏവ?
4. സാമൂഹ്യവൽക്കരണ ഏജന്റുകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കൂ.

**നമുക്ക് പ്രവർത്തിക്കാം**



*സാമൂഹ്യവൽകരണ ഏജന്റുകളെ കുറിച്ച് ഒരു ചർച്ച നടത്തുക.*

## 5.8 സാമൂഹ്യമാറ്റം (Social Change)

ചിത്രങ്ങൾ നിരീക്ഷിച്ച് ഗ്രാമത്തിന് വന്ന മാറ്റങ്ങൾ കണ്ടുപിടിക്കുക.





മാറ്റം പ്രകൃതി നിയമമാണ്. ഒഴിച്ചുകൂടാൻ പറ്റാത്തതുമാണ്. സാമൂഹ്യമാറ്റമെന്നത് മനുഷ്യർ തമ്മിലുള്ള ഇടപെടലുകളിലും പരസ്പരബന്ധങ്ങളിലും സംഭവിക്കുന്ന മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. സാമൂഹ്യമാറ്റം അർത്ഥമാക്കുന്നത് സാമൂഹ്യബന്ധങ്ങളിലും സംവിധാനങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങളാണ്. കിങ്സ്‌ലി ഡേവിസ് (1950) പറയുന്നത് 'സാമൂഹ്യമാറ്റം എന്നത് സാമൂഹ്യസംഘടനകളിലുണ്ടാകുന്ന രൂപാന്തരവും സമൂഹത്തിന്റെ ഘടനയിലും പ്രവർത്തനങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങളുമാണ്.' മജുംദാർ (1978) പറയുന്നത് ''സാമൂഹ്യമാറ്റമെന്നാൽ ജനങ്ങളുടെ ജീവിതത്തിലോ സമൂഹത്തിന്റെ പ്രയോഗരീതികളിലോ ഒരു പുതിയ ഫാഷനായോ രീതിയായോ സംഭവിക്കുന്ന മെച്ചപ്പെടുത്തലുകളോ പുനസറാപിക്കലോ ആണ്.''

സാമൂഹ്യമാറ്റമെന്നത് സാമൂഹ്യസംവിധാനത്തിൽ ഒരു പ്രത്യേകകാലയളവിൽ അളന്നു തിട്ടപ്പെടുത്താവുന്ന തരത്തിൽ സംഭവിക്കുന്ന മാറ്റങ്ങളാണ്. ഒരു വ്യക്തിയുടെ ജീവി

തത്തിലുണ്ടാകുന്ന മാറ്റങ്ങളെ സാമൂഹ്യമാറ്റങ്ങളായി പരിഗണിക്കാറില്ല. അത് ഒരു സമുദായത്തിൽ മുഴുവനായി സംഭവിക്കുന്നു. സാമൂഹ്യമാറ്റത്തിന്റെ വേഗത എല്ലായിടത്തും ഒരുപോലെയല്ല. പ്രാചീന സമൂഹത്തിൽ അവ സാവകാശം ആയിരുന്നു. എന്നാൽ ആധുനികകാലഘട്ടത്തിൽ സാമൂഹ്യമാറ്റം ത്വരിതഗതിയിൽ നടക്കുന്നു.

## സാമൂഹ്യമാറ്റത്തിന്റെ സവിശേഷതകൾ

**i. സാമൂഹ്യമാറ്റം തുടർച്ചയായി നടക്കുന്നു.**

സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തടയുവാൻ ആർക്കും സാധ്യമല്ല. പുതുമകളും രൂപാന്തരങ്ങളും തുടർച്ചയായി നടക്കുന്നു. ശാസ്ത്രസാങ്കേതികവിദ്യകളുടെ വളർച്ചാഫലമായി സാമൂഹ്യമാറ്റങ്ങൾ വളരെ വേഗത്തിലാണ് നടക്കുന്നത്. ഭൗതികസംസ്കാരത്തിന് ഭൗതികേതരസംസ്കാരത്തേക്കാൾ വേഗത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നു.

**ii. സാമൂഹ്യമാറ്റങ്ങൾ പരിസ്ഥിതി സംബന്ധിയാണ്.**

സാമൂഹ്യമാറ്റങ്ങൾ ഭൗതിക, സാംസ്കാരിക, ഭൂമിശാസ്ത്രതലങ്ങളിലാണ് നടക്കുന്നത്. മനുഷ്യരുടെ പെരുമാറ്റങ്ങൾ അവന്റെ സംസ്കാരത്തെയും ഭൗതിക സാഹചര്യങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്.

**iii. സാമൂഹികമാറ്റമെന്നത് മാനുഷികമാറ്റങ്ങളാണ്.**

മനുഷ്യസമൂഹം ഒരിക്കലും സ്ഥായിയായി നിന്നിട്ടില്ല. അതിന് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യർ സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരുകയും സ്വയം മാറ്റങ്ങൾക്ക് വിധേയമാകുകയും ചെയ്യുന്നു.

**iv. സാമൂഹ്യമാറ്റങ്ങൾ ആസൂത്രിതമോ ആസൂത്രിതമല്ലാത്തതോ ആവാം**

ശരിയായ ആസൂത്രണവും തയ്യാറെടുപ്പുകളും വഴി മാറ്റങ്ങൾ കൊണ്ടുവരാം. ഇതാണ് ആസൂത്രിതമായ മാറ്റങ്ങൾ. ഗതാഗതസംവിധാനത്തിൽ വരുത്തുന്ന മാറ്റങ്ങൾ, ജനസംഖ്യ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ആസൂത്രിതമായ മാറ്റങ്ങൾക്ക് ഉദാഹരണമാണ്.

**v. സാമൂഹ്യമാറ്റങ്ങൾ പലപ്പോഴും തർക്കങ്ങൾക്ക് കാരണമാകാം**

എല്ലാത്തരം സാമൂഹ്യമാറ്റങ്ങളും എല്ലാവരും പൂർണമനസ്സോടെ സ്വീകരിക്കുകയില്ല. ചിലർ ഈ മാറ്റങ്ങളെ നല്ലതായും മറ്റ് ചിലർ മോശമായും കരുതാം. വ്യവസായ വിപ്ലവത്തെ മുതലാളികൾ സ്വാഗതം ചെയ്തപ്പോൾ തൊഴിലാളികൾ അതിനെ എതിർത്തു. സാമൂഹ്യമാറ്റങ്ങൾക്കുവേണ്ടിയുള്ള ചില നിയമങ്ങൾക്ക് സമൂഹത്തിന്റെ ഏകകണ്ഠമായ അംഗീകാരം ലഭിക്കുകയില്ല.

## സാമൂഹ്യമാറ്റത്തിന്റെ ഘടകങ്ങൾ

എല്ലാ സാമൂഹ്യമാറ്റങ്ങളുടെയും പിന്നിൽ പല ഘടകങ്ങളുണ്ട്. സാമൂഹ്യമാറ്റങ്ങളുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

**i. ജൈവശാസ്ത്രപരമായവ**

ജൈവശാസ്ത്രപരമായ ഘടകങ്ങളിൽ ആ പ്രദേശത്തെ മനുഷ്യർ, ചെടികൾ, പക്ഷികൾ, എന്നിവ ഉൾപ്പെടുന്നു. മനുഷ്യജീവിതം ജനസംഖ്യയുടെ വലുപ്പം, ഘടന, ലിംഗാനുപാതം, യുവാക്കളും മുതിർന്നവരുടെയും എണ്ണത്തിലുള്ള അനുപാതം, എന്നിവയെ ആശ്രയിച്ചിരിക്കും. ഈ ഘടകങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ സാമൂഹ്യമാറ്റത്തിന് കാരണമാകുന്നു. അധികമായ ജനസംഖ്യ ഭക്ഷ്യക്ഷാമം, പാർപ്പിടപ്രശ്നങ്ങൾ, തൊഴിലില്ലായ്മ, മോശമായ ആരോഗ്യനില, ദാരിദ്ര്യം എന്നിവയ്ക്ക് കാരണമാകുന്നു.

**ii. ഭൂമിശാസ്ത്രപരമായവ**

ഭൂമിശാസ്ത്രപരമായ ഘടകങ്ങളായ കാലാവസ്ഥാവ്യതിയാനം, മണ്ണൊലിപ്പ്, വനനശീകരണം, മഴ എന്നിവ സാമൂഹ്യമാറ്റങ്ങൾക്ക് കാരണമാകും. മനുഷ്യരുടെ ദുരുപയോഗത്തിലൂടെ ഭൗതിക ചുറ്റുപാടുകളിൽ വളരെ പെട്ടെന്ന് മാറ്റങ്ങളുണ്ടാവുകയും അത് ആളുകളുടെ സാമൂഹ്യ സാംസ്കാരികജീവിതത്തിൽ മാറ്റങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

**iii. ഒറ്റപ്പെടലും സമ്പർക്കവും**

സാധാരണയായി പുതിയ പ്രത്യേകതകളോ സ്വഭാവങ്ങളോ ഒരു സമൂഹത്തിൽ ഉണ്ടാകുന്നത് പ്രസരണത്തിലൂടെയാണ്. മറ്റ് സമൂഹങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന സമൂഹങ്ങളിൽ മാറ്റങ്ങൾ വേഗത്തിലുണ്ടാകുന്നു. ഒറ്റപ്പെട്ട് കിടക്കുന്ന സമൂഹങ്ങളിൽ മാറ്റങ്ങൾക്ക് വേഗത വളരെ കുറവായിരിക്കും.

**iv. മനോഭാവങ്ങളും മൂല്യങ്ങളും**

ദ്രുതഗതിയിൽ മാറുന്ന സമൂഹത്തിന് മാറ്റങ്ങളോട് പ്രത്യേക മനോഭാവമായിരിക്കും. ഈ മനോഭാവം സംഭവിച്ച മാറ്റങ്ങളുടെ കാരണവുമാകാം അതോടൊപ്പം മാറ്റങ്ങളുടെ ഫലവുമാകാം. സാക്ഷരരും വിദ്യാഭ്യാസസമ്പന്നരുമായ ആളുകൾ നിരക്ഷരരും വിദ്യാഭ്യാസമില്ലാത്തവരുമായ ആളുകളെക്കാൾ മാറ്റങ്ങളെ താൽപ്പര്യപൂർവ്വം സ്വീകരിക്കും. മനോഭാവങ്ങളും മൂല്യങ്ങളും സാമൂഹ്യമാറ്റത്തെ സ്വാധീനിക്കും.

**v. സാംസ്കാരിക ഘടകങ്ങൾ**

സാമൂഹ്യ ജീവിതത്തിന്റെ പരിണിതഫലമാണ് സംസ്കാരം. സാംസ്കാരികമാറ്റങ്ങളോടൊപ്പം സാമൂഹ്യമാറ്റങ്ങളും ഉണ്ടാകുന്നു. സംസ്കാരമെന്നത് അറിവ്, വിശ്വാസം, കല, രീതികൾ, നിയമങ്ങൾ, ആചാരങ്ങൾ, ഒരു സമൂഹത്തിലെ അംഗമെന്നനിലയിൽ ഒരു മനുഷ്യൻ ആർജിക്കുന്ന കഴിവുകൾ എന്നിവ ചേർന്നതാണ്. ഈ സ്വഭാവങ്ങൾ മാറുമ്പോൾ സാമൂഹ്യക്രമങ്ങൾക്കും മാറ്റമുണ്ടാകുന്നു.

സംസ്കാരം രണ്ട് തരമുണ്ട് ഭൗതികവും ഭൗതികേതരവും. ടി. വി, ടെലിഫോൺ, കാർ, സ്വർണ്ണം, വസ്ത്രം തുടങ്ങിയവ സംസ്കാരത്തിന്റെ ഭൗതികഘടകങ്ങളാണ്. സാമൂഹ്യ മൂല്യങ്ങൾ, മതവിശ്വാസങ്ങൾ, പാരമ്പര്യം എന്നിവ ഭൗതികേതരഘടകങ്ങളാണ്. ഭൗതിക ഘടകങ്ങളിലുണ്ടാകുന്ന മാറ്റങ്ങളുടെ വേഗം ഭൗതികേതരഘടകങ്ങളിലില്ലാതിരിക്കുമ്പോൾ അവിടെ ഒരു വിടവ് സംജാതമാകുന്നു. ഇത്തരത്തിൽ ഭൗതികസംസ്കാര

ത്തിനും ഭൗതികേതരസംസ്കാരത്തിനും തമ്മിലുള്ള വിടവിനെ സാംസ്കാരിക വിടവ് എന്ന് പറയുന്നു.

**vi. സാങ്കേതിക ഘടകങ്ങൾ (Technological Factors)**

സാങ്കേതികവിദ്യകൾ അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യകളിലുണ്ടാകുന്ന മാറ്റങ്ങൾ സാമൂഹ്യജീവിതത്തിലും സമൂഹത്തിലും മാറ്റങ്ങളുണ്ടാക്കുന്നു. ഉദാഹരണമായി മൊബൈൽ ഫോണുകളുടെകണ്ടുപിടിത്തം, ഗതാഗതസംവിധാനങ്ങൾ, വൈദ്യുതവീട്ടുപകരണങ്ങൾ, ഇന്റർനെറ്റ്, സാമൂഹ്യമാധ്യമങ്ങൾ തുടങ്ങിയവ സാമൂഹ്യജീവിതത്തെ സ്വാധീനിക്കുന്നു. സാങ്കേതികതയുടെ സാമൂഹ്യതലത്തിലെ സ്വാധീനം വളരെ വലുതാണ്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യമാറ്റം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
2. സാമൂഹ്യമാറ്റത്തിന്റെ ഘടകങ്ങൾ എന്തൊക്കെയാണ്?
3. സാംസ്കാരികവിടവ് എന്താണെന്ന് വിശദീകരിക്കുക.

**നമുക്ക് പ്രവർത്തിക്കാം**



*നിങ്ങളുടെ പ്രദേശത്ത് ഒരു സർവ്വെ നടത്തി, ഭൗതികസാംസ്കാരിക തലത്തിലും ഭൗതികേതര സാംസ്കാരികതലത്തിലും കഴിഞ്ഞ 5 വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ തിരിച്ചറിഞ്ഞ് അവയെ അടിസ്ഥാനമാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.*

## 5.9 സാമൂഹികനിയന്ത്രണം (Social control)





ലൈസൻസ് ഇല്ലാതെ കാറോ ബൈക്കോ ഓടിക്കുന്നത് അനുവദനീയമാണോ?

- ......................................................................

ശാരീരികമായോ മാനസികമായോ മറ്റൊരു വ്യക്തിക്ക് അപകടമുണ്ടാക്കാനുള്ള സ്വാതന്ത്ര്യം ഒരാൾക്കുമില്ല. സാമൂഹികമായി അംഗീകൃതമായ രീതിയിൽ പെരുമാറാനുള്ള ഉത്തരവാദിത്തം എല്ലാ വ്യക്തികൾക്കും ഉണ്ട്. വ്യക്തികളുടെ പ്രവർത്തനങ്ങളെ

നിയന്ത്രിക്കാൻ ചില നിയന്ത്രണങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. സമൂഹം വ്യക്തിയുടെ സ്വഭാവത്തെ സ്വാധീനിക്കാനായി ഉപയോഗിക്കുന്ന മുഴുവൻ മാർഗ്ഗങ്ങളെയും ചട്ടങ്ങളെയും ചേർത്ത് പറയുന്ന പേരാണ് സാമൂഹിക നിയന്ത്രണം.

ഓഗ്ബേനിന്റെയും നിംകോഫിന്റെയും (1988) അഭിപ്രായത്തിൽ "നിയമവാഴ്ച സ്ഥാപിക്കാനും സാമൂഹികക്രമം നിലനിർത്താനുമായി സമൂഹം ഉപയോഗിക്കുന്ന സമ്മർദ്ദങ്ങളുടെ മാതൃകകളാണ് സാമൂഹിക നിയന്ത്രണങ്ങൾ".

## സാമൂഹിക നിയന്ത്രണമാർഗങ്ങൾ

നമുക്ക് അനിലിന്റെ കഥ വായിക്കാം.

*അനിൽ ഹയർസെക്കന്ററിയിൽ ഒന്നാം വർഷ വിദ്യാർഥിയാണ്. അനിലിന്റെ പിതാവ് വിദേശത്ത് ജോലി ചെയ്യുന്നു. കുട്ടിക്കാലത്ത് വലിയ കുസൃതിക്കാരനായിരുന്ന അനിൽ പിന്നീട് മോശം കൂട്ടുകെട്ടുകളിൽ ചെന്ന് പെട്ടു. അവൻ ബന്ധുക്കളോടും സുഹൃത്തുക്കളോടും മോശമായി പെരുമാറാൻ തുടങ്ങി. രക്ഷിതാക്കൾ, അധ്യാപകർ, സുഹൃത്തുക്കൾ, ബന്ധുക്കൾ, കൗൺസിലർമാർ എന്നിവരെല്ലാം പരിശ്രമിച്ചിട്ടും അനിലിന്റെ സ്വഭാവത്തിൽ മാറ്റമുണ്ടായില്ല. കാലക്രമേണ അവൻ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തുടങ്ങി. പൊതുജനങ്ങൾ അനിലിനെതിരെ പോലീസിൽ പരാതിപ്പെടുകയും അങ്ങനെ അവൻ കോടതിയിൽ ഹാജരാക്കപ്പെടുകയും ചെയ്തു. അവസാനം അനിൽ ജയിലിൽ അടക്കപ്പെട്ടു.*

അനിലിനെ തിരുത്തുവാനായി ഉപയോഗിച്ച മാർഗങ്ങൾ ഏതൊക്കെയാണ്?

- ..................................................................

അനിലിനെ തിരുത്തുവാനായി രണ്ട് തരത്തിലുള്ള മാർഗ്ഗങ്ങൾ ഉപയോഗിക്കാം. അവ ഔപചാരിക മാർഗ്ഗങ്ങൾ, അനൗപചാരിക മാർഗ്ഗങ്ങൾ എന്നിവയാണ്. നിയമം, നിയമനിർമ്മാണം, സൈന്യം, പോലീസ്, ഭരണ സംവിധാനം എന്നിവയൊക്കെ ഉൾപ്പെടുന്ന ഔപചാരിക സാമൂഹിക നിയന്ത്രണ സംവിധാനം ഒരു സമൂഹത്തിലെ വ്യക്തികളെ നിയന്ത്രിക്കുന്നതിൽ വളരെ പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്.

സഹതാപം, സംസർഗ്ഗശീലത്വം, ക്രോധം, നീതി ബോധം, പൊതുജന അഭിപ്രായം, ശിക്ഷയും പ്രതിഫലവും, നർമ്മവും പരിഹാസവും, ഫാഷൻ, മതവും സദാചാരവും, നാട്ടുവഴക്കങ്ങളും രീതികളും എന്നിവയൊക്കെ പ്രധാനപ്പെട്ട അനൗപചാരിക സാമൂഹിക നിയന്ത്രണ മാർഗ്ഗങ്ങൾ ആണ്.

## A. ഔപചാരിക സാമൂഹിക നിയന്ത്രണമാർഗങ്ങൾ

### a. നിയമം

സാമൂഹിക നിയന്ത്രണത്തിനായി ആദ്യകാല സമൂഹങ്ങൾ അനൗപചാരികമായ സാമൂഹിക നിയന്ത്രണ മാർഗ്ഗങ്ങളെയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. എന്നാൽ സമൂഹങ്ങളുടെ സങ്കീർണ്ണതയും വലുപ്പവും വർധിച്ചപ്പോൾ അവയ്ക്ക് പുതിയ നിയമങ്ങളും നിയന്ത്രണങ്ങളും രൂപീകരിക്കേണ്ടതായി വന്നു. ഈ നിയമങ്ങളും നിയന്ത്രണങ്ങളും ഒരു അംഗീകൃത പെരുമാറ്റം വ്യക്തികളിൽ നിന്ന് പ്രതീക്ഷിക്കുകയും അവ ലംഘിക്കുന്നവർക്കുമേൽ ചുമത്തേണ്ട പിഴകൾ നിർദേശിക്കുകയും ചെയ്യുന്നു. അംഗീകൃത സ്ഥാപനങ്ങളാൽ രൂപീകരിക്കപ്പെടുകയും നടപ്പിലാക്കപ്പെടുകയും ചെയ്യുന്ന ചട്ടങ്ങളുടെ സമാഹരണമാണ് നിയമം.

### b. വിദ്യാഭ്യാസം

ഒരു സാമൂഹിക നിയന്ത്രണ സംവിധാനം എന്ന നിലയിലുള്ള വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർധിച്ചുവരികയാണ്. കുട്ടികളെ സാമൂഹിക ജീവിതത്തിനായി വിദ്യാഭ്യാസം പാകപ്പെടുത്തുന്നു. അവരുടെ മനോഭാവങ്ങളെ അത് രൂപപ്പെടുത്തുന്നു. അച്ചടക്കം, സാമൂഹിക സഹകരണം, സഹിഷ്ണുത, ത്യാഗം തുടങ്ങിയ മൂല്യങ്ങൾ വിദ്യാർഥികളെ പഠിപ്പിക്കുന്നത് വിദ്യാഭ്യാസമാണ്.

### c. ബലപ്രയോഗം (Coercion)

പ്രതീക്ഷിത ലക്ഷ്യം നേടിയെടുക്കാൻ നടത്തുന്ന ശക്തിപ്രയോഗമാണ് ബലപ്രയോഗം. അത് ശാരീരികമോ അഹിംസാപരമോ ആകാം. മറ്റെല്ലാ മാർഗങ്ങളും പരാജയപ്പെടുമ്പോൾ അവസാനമായി ഉപയോഗിക്കാവുന്ന സാമൂഹിക നിയന്ത്രണ മാർഗ്ഗമാണ് ബലപ്രയോഗം. ശാരീരികമായ ബലപ്രയോഗത്തിൽ ശാരീരിക പീഡനം, തടവ്, മരണ ശിക്ഷ എന്നിവയെല്ലാം ഉൾപ്പെടും. അഹിംസാപരമായ ബലപ്രയോഗ മാർഗ്ഗങ്ങൾക്ക് ഉദാഹരണമാണ് സമരം, ബഹിഷ്കരണം, നിസ്സഹകരണം എന്നിവ.

## B. അനൗപചാരികമായ സാമൂഹിക നിയന്ത്രണ മാർഗങ്ങൾ

### a. ആചാരങ്ങൾ

നമ്മുടെ പല ദൈനംദിന പ്രവർത്തനങ്ങളും ആചാരങ്ങളാൽ നിയന്ത്രിക്കപ്പെടുന്നുണ്ട്. നമ്മുടെ വസ്ത്രധാരണം, ഭക്ഷണരീതി, ആരാധനാരീതി, ഉത്സവങ്ങൾ, ആഘോഷങ്ങൾ മുതലായവയെ നിയന്ത്രിക്കുന്നത് ആചാരങ്ങൾ ആണ്.

### b. നാട്ടുവഴക്കങ്ങളും രീതികളും

സാമൂഹികമായി പൊതുവെ അംഗീകൃതമായ പെരുമാറ്റനിലവാരങ്ങളെയോ രീതികളെയോ സൂചിപ്പിക്കുന്നവയാണ് നാട്ടുവഴക്കങ്ങൾ. അവയ്ക്ക് അതിലുപരിയായ പ്രാധാന്യം ഇല്ല. ഉദാഹരണത്തിന് മുതിർന്നവരെ ബഹുമാനിക്കണം എന്ന് നമ്മെ നിർബന്ധിക്കുന്ന ഒരു നിയമവും നിലവിലില്ല. അവരവരുടെ സാംസ്കാരത്തിനനുസരിച്ച് നാം ചെയ്യുന്ന പ്രവർത്തനങ്ങളിൽ പെടുന്നതാണ് നാട്ടുവഴക്കങ്ങൾ. നാട്ടുവഴക്കങ്ങൾ നമ്മുടെ സ്വഭാവത്തിന്റെ നിയന്ത്രകർ ആകുമ്പോൾ അവ രീതികൾ എന്നറിയപ്പെടും.

### c. മതം

മതധർമ്മ സംഹിതകൾ ഉപയോഗപ്പെടുത്തികൊണ്ട് മതങ്ങൾ മനുഷ്യ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നു. പുണ്യം, പാപം, നരകം, സ്വർഗം എന്നീ സങ്കൽപ്പങ്ങൾ മനുഷ്യരുടെ പെരുമാറ്റത്തെ വലിയ രീതിയിൽ സ്വാധീനിക്കുന്നു.

### d. പൊതുജന അഭിപ്രായം

ഒരു പ്രത്യേക സമയത്ത് പൊതുജനങ്ങൾ സ്വീകരിക്കുന്ന നിലപാടുകളാണ് പൊതുജന അഭിപ്രായം. വ്യക്തികളുടെ സാമൂഹിക വ്യവഹാരങ്ങളെ പൊതുജന അഭിപ്രായം സ്വാധീനിക്കുന്നു. പത്രങ്ങൾ, റേഡിയോ, ചലച്ചിത്രങ്ങൾ എന്നിവയിലൂടെ വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങളിലൂടെയാണ് പൊതുജന അഭിപ്രായം രൂപപ്പെടുന്നത്.

**e. പ്രചാരണം**

പൊതുജന അഭിപ്രായത്തെയും സമൂഹത്തിലെ വ്യക്തികളുടെ മനോഭാവത്തെയും സ്വാധീനിക്കുന്നതിനായി ഒരു വ്യക്തിയോ ഒരു കൂട്ടം വ്യക്തികളോ നടത്തുന്ന സംഘടിത ശ്രമമാണ് പ്രചരണം. വ്യക്തികളുടെ വിശ്വാസം, പ്രത്യയശാസ്ത്രം, മനോഭാവം, പെരുമാറ്റം എന്നിവയെ പ്രചരണം ബാധിക്കും.

കുടുംബം, സമപ്രായക്കാരുടെ സംഘം എന്നിവ അനൗപചാരിക സാമൂഹിക നിയന്ത്രണ മാർഗ്ഗങ്ങളാണ്. ഇവയും വ്യക്തികളുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹിക നിയന്ത്രണം എന്നാലെന്ത്?
2. മൂന്ന് അനൗപചാരിക സാമൂഹിക നിയന്ത്രണ മാർഗങ്ങൾ എഴുതുക.

**നമുക്ക് പ്രവർത്തിക്കാം**



*സാമൂഹിക നിയന്ത്രണം എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.*

*ഒരു അഭിഭാഷകനുമായി സാമൂഹിക നിയന്ത്രണത്തിൽ നിയമത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക.*

## നമുക്ക് സംഗ്രഹിക്കാം

ഈ അധ്യായത്തിൽ നാം സമൂഹം, സമുദായം, സാമൂഹിക സംഘങ്ങൾ, സംഘങ്ങൾ, സാമൂഹിക സ്ഥാപനങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്തു. അതോടൊപ്പം സാമൂഹിക പ്രക്രിയ, സാമൂഹിക മാറ്റം, സാമൂഹ്യവൽകരണം, സാമൂഹിക നിയന്ത്രണം എന്നിവയും ചർച്ച ചെയ്യുന്നുണ്ട്.

സാമൂഹികശാസ്ത്രം എന്നത് സമൂഹത്തെക്കുറിച്ചുള്ള പഠനമാണ്. ഫലപ്രദമായി സാമൂഹിക പ്രവർത്തനം നടത്താൻ ഒരു വ്യക്തിയുടെ സാമൂഹിക ചുറ്റുപാടിനെക്കുറിച്ച് മനസിലാക്കുന്നത് ഒട്ടും ഒഴിവാക്കാൻ കഴിയാത്ത സംഗതിയാണ്.

സാമൂഹിക പ്രവർത്തനത്തിന് ആവശ്യമായ സൈദ്ധാന്തിക പശ്ചാത്തലം ഒരുക്കുന്നത് സാമൂഹിക ശാസ്ത്രം ആണ്. സമൂഹം എന്നത് സാമൂഹിക ബന്ധങ്ങളുടെ വലയാണ്. പരിഗണനീയമായ അളവിൽ യോജിപ്പോടെ ഒരു പ്രത്യേക ഭൂപ്രദേശത്ത് ജീവിക്കുന്ന ആളുകളുടെ കൂട്ടമാണ് സമുദായം.

സമാജം എന്നത് അതിൽ അംഗങ്ങൾ ആയിരിക്കുന്ന വ്യക്തികളോ ഒരു കൂട്ടം വ്യക്തികളോ അവർക്ക് പൊതുവായുള്ള ചില താൽപര്യങ്ങളെ ബോധപൂർവം പിന്തുടരുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള സംഘടനയാണ്. അതായത് പൊതുവായ ഒരു ലക്ഷ്യം നേടുന്നതിന് വേണ്ടിയാണ് സമാജം പ്രവർത്തിക്കുന്നത്. സമൂഹം അതിലെ അംഗങ്ങളെ നിയന്ത്രിക്കാൻ വേണ്ടി ഉപയോഗിക്കുന്ന നിയമങ്ങളും നടപടിക്രമങ്ങളും ആണ് സാമൂഹിക സ്ഥാപനങ്ങൾ. വിവാഹം, മതം, വിദ്യാഭ്യാസം മുതലായവ സാമൂഹിക സ്ഥാപനങ്ങൾക്ക് ഉദാഹരണമാണ്.

ഒരുമയോടെ സമാനമായ സ്വഭാവ സവിശേഷതകളോടെ ഒരുമിച്ച് ജീവിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന ഒരുകൂട്ടം വ്യക്തികളെ സാമൂഹിക ഗണം എന്ന് വിളിക്കാം. സാമൂഹിക ഗണങ്ങളെ പൊതുവിൽ പ്രാഥമിക ഗണങ്ങൾ എന്നും ദ്വിതീയ ഗണങ്ങൾ എന്നും തരംതിരിക്കാം.

കുടുംബം എന്നത് പ്രാഥമിക ഗണത്തിനും രാഷ്ട്രീയ കക്ഷികൾ എന്നത് ദ്വിതീയ ഗണത്തിനും ഉദാഹരണമാണ്.

വ്യക്തികൾ തമ്മിൽ പരസ്പര പ്രവർത്തനത്തിൽ ഏർപ്പെടുകയും സാമൂഹിക ബന്ധങ്ങൾ രൂപീകരിക്കുകയും ചെയ്യുന്ന അടിസ്ഥാന രീതികളാണ് സാമൂഹിക പ്രക്രിയകൾ. സാമൂഹിക പ്രക്രിയകളെ വിശാലമായി സംയോജനാത്മക പ്രക്രിയകൾ എന്നും വിഘടനാത്മക പ്രക്രിയകൾ എന്നും തരം തിരിച്ചിട്ടുണ്ട്. സംയോജനാത്മക പ്രക്രിയകളിൽ സഹകരണം, സമരസപ്പെടൽ, സ്വാംശീകരണം എന്നിവ ഉൾപ്പെടുന്നു. സമൂഹത്തിൽ സ്ഥിരതയും പുരോഗതിയും കൊണ്ടുവരുന്നതാണ് സംയോജനാത്മക പ്രക്രിയകൾ.

മത്സരവും സംഘർഷവും വിഘടനാത്മക സാമൂഹിക പ്രക്രിയകൾ ആണ്. അവ സമൂഹത്തെ വിഘടിപ്പിക്കുകയും അതിന്റെ പുരോഗതിയെയും വികാസത്തെയും തടയുകയും ചെയ്യുന്നു.

സാമൂഹിക ആചാരങ്ങളും സാമൂഹിക മൂല്യങ്ങളും ഉള്ള, പക്വതയുള്ള വ്യക്തിയായി മനുഷ്യൻ മാറുന്ന പ്രക്രിയയാണ് സാമൂഹ്യവൽക്കരണം. ഈ പ്രക്രിയയിലൂടെ ഒരു വ്യക്തി അവന്റെ/അവളുടെ വ്യക്തിത്വം വികസിപ്പിക്കുന്നു. സാമൂഹ്യവൽക്കരണ പ്രക്രിയയിൽ കുടുംബം, വിദ്യാലയം, സമപ്രായക്കാരുടെ സംഘം, മാധ്യമങ്ങൾ എന്നിവ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.

ഈ അധ്യായത്തിലെ അവസാന ഭാഗത്ത് നമ്മൾ സാമൂഹിക മാറ്റത്തെക്കുറിച്ചും സാമൂഹിക നിയന്ത്രണത്തെക്കുറിച്ചും ചർച്ച ചെയ്തു.

ഒരു പ്രത്യേക കാലഘട്ടത്തിൽ ഏതൊരു സാമൂഹിക വ്യവസ്ഥിതിക്കുള്ളിലും അളക്കാൻ സാധിക്കുന്ന മാറ്റങ്ങൾ സംഭവിക്കുന്ന പ്രക്രിയയാണ് സാമൂഹിക മാറ്റം. ഔപചാരികവും അനൗപചാരികവുമായ രീതികളിൽ സമൂഹം അതിലെ അംഗങ്ങളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നുണ്ട്. നാം സാമൂഹിക ജീവികൾ ആയതിനാൽ നമ്മുടെ നിരവധിയായ ആവശ്യങ്ങൾ നിറവേറ്റാൻ മറ്റുള്ളവരെ ആശ്രയിക്കാതെ തരമില്ല. അങ്ങനെ ഈ അധ്യായം സാമൂഹിക ജീവിതത്തിന്റെ വിവിധ ചലനാത്മകതകളെ കുറിച്ചാണ് സംസാരിക്കുന്നത്.

### പഠനനേട്ടങ്ങൾ

- സമൂഹം, സമുദായം, സമാജം തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു.
- പ്രാഥമിക, ദ്വിതീയ സംഘങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നു.
- വിവാഹം, കുടുംബം എന്നിവയെപ്പറ്റി സമൂഹത്തിൽ നിലനിൽക്കുന്ന നിയമങ്ങൾ തിരിച്ചറിയുന്നു.
- സാമൂഹിക നിയന്ത്രണ മാർഗങ്ങൾ അറിയുന്നു.
- സാമൂഹ്യവൽക്കരണം, സാമൂഹിക മാറ്റം, അതിന്റെ ഘടകങ്ങൾ എന്നിവ മനസിലാക്കുന്നു.
- സാമൂഹിക പ്രക്രിയ, അതിന്റെ ഇനങ്ങൾ, വിവിധതരം സാമൂഹിക പ്രക്രിയകൾ എന്നിവ ആന്തരവൽക്കരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സമൂഹത്തെപ്പറ്റിയും അതിന്റെ സ്വഭാവത്തെപ്പറ്റിയും സംസാരിക്കാൻ ആവശ്യപ്പെട്ടാൽ എന്തൊക്കെ കാര്യങ്ങൾ ആണ് നിങ്ങൾ സൂചിപ്പിക്കുക?
2. സാമൂഹിക മാറ്റത്തിന് കാരണമാകുന്ന ഘടകങ്ങൾ സൂചിപ്പിക്കുക.
3. താഴെ നൽകിയിരിക്കുന്ന ചിത്രീകരണം പൂർത്തിയാക്കുക.




4. വിവിധ തരം സാമൂഹിക പ്രക്രിയകളെപ്പറ്റി ഒരു കുറിപ്പ് തയാറാക്കുക.
5. വിവിധ സാമൂഹിക സംഘങ്ങളെ പട്ടികപ്പെടുത്തുക.
6. പ്രാഥമിക, ദ്വിതീയ സംഘങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ സൂചിപ്പിക്കുക.

| പ്രാഥമിക സംഘം | ദ്വിതീയ സംഘം |
|---|---|
| • ശാരീരിക സാമീപ്യം | • ശാരീരിക സാമീപ്യം ഇല്ലായ്മ |
| • ----------------- | • ----------------- |
| • ----------------- | • ----------------- |

7. നിങ്ങളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ കുടുംബത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയാറാക്കുക.
8. സമൂഹത്തിലെ അനൗപചാരിക സാമൂഹിക നിയന്ത്രണസംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.
9. സാംസ്കാരിക വിടവിനെക്കുറിച്ച് വിവരിക്കുക.
10. വിവിധ തരം സാമൂഹിക സ്ഥാപനങ്ങളെക്കുറിച്ച് ഒരു ചാർട്ട് തയാറാക്കുക.